മാധ്യമം • ഞായർ • 23 ഒക്ടോബർ 2016 • ലക്കം 1486

# വാരാദ്യ മാധ്യമം

varadyam@madhyamam.in



# തെരുവുകാറ്റ് പറഞ്ഞ വാർത്തകൾ

സവാദ് റഹ്മാൻ

'ഭയ്യാ ന്യൂസ്പേപ്പർ റിപ്പോർട്ടറാണല്ലേ',
'അതെ'
'ഞാനുമതെ, പത്ര റിപ്പോർട്ടറാണ്' -ഇതു പറഞ്ഞ് ഫൈസാൻ ഒരു കുസൃതിച്ചിരി മിന്നിച്ചു.

നെഹ്റുപ്ലേസിലെ കമ്പ്യൂട്ടർ മാർക്കറ്റിൽ കടലാസും ഒഴിഞ്ഞ കവറുകളും പെറുക്കിനടക്കുന്ന ഒരു കുഞ്ഞിപ്പയ്യനാണ് ഫൈസാൻ, പക്ഷേ, പത്രറിപ്പോർട്ടറാണ് എന്ന് അവൻ പറഞ്ഞത് കളവല്ല, അഷ്ടിക്ക് വകതേടാനായി ആക്രി സാമാനങ്ങൾ തിരയുന്നതിനൊപ്പം വാർത്തകളും അവൻ ശേഖരിക്കുന്നു. എന്നിട്ട് ഒഴിവുനേരം കിട്ടുമ്പോൾ അവ പത്രമോഫിസിലേക്ക് -'ബാലക് നാമ' യിലേക്ക് -എത്തിച്ചുകൊടുക്കും. തെരുവിൻെറ മക്കളുടെ വാർത്തകളും വിശേഷങ്ങളുമായി രണ്ടുമാസം കൂടുമ്പോൾ തെരുവിൽനിന്ന് പുറത്തിറക്കുന്ന പത്രത്തിലേക്ക്. ഓഫിസുകൾക്കും ഫ്ലാറ്റുകൾക്കും മുന്നിൽ നിർത്തിയിട്ടിരിക്കുന്ന കാറുകൾ കഴുകുന്ന ജോലി പൂർത്തിയാക്കി 17കാരനായ ശംഭു എന്ന പത്രാധിപർ ഗൗതംനഗറിലെ ഓഫിസിലെത്തി വാർത്തകൾ എഡിറ്റ് ചെയ്യും. ഫൈസാനെപ്പോലെ വാർത്തകൾ നൽകുന്ന 63 റിപ്പോർട്ടർമാരുണ്ട്. ലഭിച്ച വാർത്തകൾക്ക് കൂടുതൽ വ്യക്തത ആവശ്യമെങ്കിൽ സ്ഥലത്തെത്തി നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കും. കുട്ടികളുടെ പത്രാധിപസമിതി ചേർന്ന് എട്ടുപേജ് പത്രത്തിൻെറ ഓരോ ലക്കത്തിലും ഏതെല്ലാം വാർത്തകൾ ചേർക്കണമെന്ന് തീരുമാനിക്കും. 'ചേതന' എന്ന സന്നദ്ധ സംഘടനയുടെ പിന്തുണയോടെ അച്ചടിച്ചിറക്കി പത്രമോഫിസുകളിലും പൊലീസ് സ്റ്റേഷനുകളിലും സ്കൂളുകളിലും വായനശാലകളിലും ആശുപത്രികളിലും ആരാധനാലയങ്ങളിലും എന്നുവേണ്ട പൊതുസ്ഥലങ്ങളിലെല്ലാം എത്തിക്കും.




ബാലക്നാമ റിപ്പോർട്ടർമാർ പത്രവുമായി

## തെരുവിൻെറ മക്കളുടെ വാർത്തകളും വിശേഷങ്ങളുമായി തെരുവിൽനിന്ന് പുറത്തിറക്കുന്ന ഒരു പത്രം. തെരുവിൽനിന്നുതന്നെയാണ് ഈ കുട്ടിപ്പത്രത്തിൻെറ റിപ്പോർട്ടർമാരും പത്രാധിപരുമൊക്കെ. രണ്ടുമാസം കൂടുമ്പോൾ പുറത്തിറക്കുന്ന 'ബാലക് നാമ'യുടെ ഏടുകളിലൂടെ...

നൂറുകണക്കിന് ദേശീയ-പ്രാദേശിക പത്രങ്ങൾ പുറത്തിറങ്ങുന്നതിനിടെ, കുട്ടികൾക്കായി പ്രത്യേക പതിപ്പുകളും ബാലമാസികകളും ഉണ്ടെന്നിരിക്കെ ഇങ്ങനെ ഒരു പ്രത്യേകപത്രം ?

അതിന് പത്രാധിപർ പറഞ്ഞ മറുപടി ഇങ്ങനെ: അടുത്ത മാസം ശിശുദിനം വരും. അന്നേ ദിവസം പത്രങ്ങൾ തെരുവിലെ കുട്ടികളുടെ കഷ്ടപ്പാടുകളെ വിവരിക്കുന്ന ഒരു ചിത്രമോ വാർത്തയോ നൽകും. അതോടെ കഴിഞ്ഞു നിങ്ങൾക്ക് തെരുവുകുട്ടികളോടുള്ള സ്നേഹം. കുട്ടികൾ എന്നു പറയുമ്പോൾ എല്ലാവർക്കും സ്വന്തം വീട്ടിലെ മക്കളെ, യൂനിഫോം ധരിച്ച് സ്കൂളിൽ പോകുന്നവരെ, സിനിമകളിലും ഡാൻസ് ഷോകളിലും തിളങ്ങുന്നവരെ-ഇവരെയൊക്കെയേ ഓർമവരൂ. തെരുവിൽ വളരേണ്ടി വരുന്ന, സാഹചര്യങ്ങളുടെ നിർബന്ധംമൂലം കുപ്പപെറുക്കിയും ഹോട്ടലുകളിലും വീടുകളിലും പാത്രം കഴുകിയും മറ്റും ജീവിക്കുന്ന, പാലത്തിനു ചുവട്ടിലോ റെയിൽവേ സ്റ്റേഷൻ വരാന്തകളിലോ കഴിയുന്ന ഞങ്ങൾക്കൊരാളും കുട്ടികളുടെ പരിഗണന തരാറില്ല.അപ്പോൾ ഞങ്ങളുടെ ജീവിതം പറയാൻ ഇങ്ങനെയൊന്ന് അത്യാവശ്യമാണ്. ഞങ്ങളുടെ പ്രശ്നങ്ങൾ- തൊഴിലുടമ പീഡിപ്പിക്കുന്നത്, പൊലീസും ഗുണ്ടകളും പണംപിടുങ്ങുന്നത്, മോശം ജോലികൾക്ക് നിയോഗിക്കുന്നത്... ഇതേക്കുറിച്ചെല്ലാം മീഡിയക്കാരോട് പറയാമെന്നുവെച്ചാൽ അടുപ്പിക്കുമായിരുന്നോ നിങ്ങൾ?

പ്രായത്തിനപ്പുറത്തുള്ള പാകതയാണ് കുട്ടിപ്പത്രാധിപരുടെ വാക്കുകൾക്ക്. ഇതു പറയാൻ അവനെ പാകപ്പെടുത്തിയതും തെരുവിലെ ജീവിതമാണ്.

### ശംഭുവും ചാന്ദ്നിയും എഡിറ്റർമാരായ കഥ

ദാരിദ്ര്യംപിടിച്ച ജീവിതത്തിന് മാറ്റംതേടി ബിഹാറിൽനിന്ന് അച്ഛനാണ് ശംഭുവിനെ ഡൽഹിയിലേക്ക് കൊണ്ടുവന്നത്. ആദ്യം ഒരു ഹോട്ടലിൽ മേശതുടക്കുന്ന ജോലിക്ക് നിർത്തി. കടയിലെ ആളുകളും കഴിക്കാൻ വരുന്നവരുമെല്ലാം ചീത്തപറയും, ചിലർ ഉപദ്രവിക്കും. പിന്നെ കക്കരിയും മുള്ളങ്കിയും കൊട്ടയിലാക്കി നടന്നുവിൽക്കുന്ന ജോലിയിൽ ചേർന്നു. അധ്വാനം കൂടുതലും



ബാലക്നാമ റിപ്പോർട്ടർമാർ കൈലാശ് സത്യാർഥിക്കൊപ്പം

കൂലി കുറവുമാണ്. പൊരിവെയിലിൽ എത്രനേരം നടന്നുവിറ്റാലും കുറഞ്ഞ തുകയാണ് വേതനമായി നൽകുക. നിസാമുദ്ദീൻ റെയിൽവേ സ്റ്റേഷനടുത്ത് വിൽപന നടത്തുന്നതിനിടെ രവീന്ദർ എന്ന സാമൂഹിക പ്രവർത്തകനെത്തി കാര്യങ്ങൾ ചോദിച്ചറിഞ്ഞു, സ്കൂളിൽ പോകാൻ താൽപര്യമുണ്ടെങ്കിൽ സഹായിക്കാമെന്നേറ്റു. പക്ഷേ, ചെറുതെങ്കിലും പതിവായി കിട്ടുന്ന വരുമാനം നിലക്കുമെന്നതിനാൽ വീട്ടുകാർക്ക് വിസമ്മതമായിരുന്നു. സ്കൂളിൽ പോകുന്ന കുട്ടികളെ നോക്കി അസൂയപ്പെടുകമാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. പിന്നെയൊരിക്കൽ കുട്ടികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിന് ചേർന്നു. നിങ്ങളുടെ സ്വപ്നം എന്നായിരുന്നു മത്സരവിഷയം. ഭംഗിയുള്ള ഒരു കൊച്ചുവീട്ടിൽനിന്ന് ബാഗുമേന്തി സ്കൂളിലേക്ക് പോകുന്ന തന്നെത്തന്നെയാണ് ശംഭു വരച്ചത്. നിഷ്കളങ്കമായ ഈ സ്വപ്നത്തിനോളം നിറംവരില്ല മറ്റൊരു ചിത്രത്തിനുമെന്ന് സംഘാടകർ വിധിയെഴുതി. മകൻ വരച്ച ചിത്രവുമായി അച്ഛനെ വന്നുകണ്ട് അവർ പഠിപ്പിക്കാൻ സമ്മതം നേടിയെടുത്തു. ഓപൺ സ്കൂൾ വഴി പഠനം തുടങ്ങി, ബാലക്നാമയുടെ പ്രസാധകരായ തെരുവുബാലക സംഘടന ബഢ്തേ കദമിൻെറ ഭാരവാഹിയായി, പത്രറിപ്പോർട്ടറായി തുടങ്ങി. അന്നു പത്രാധിപയായിരുന്ന ചാന്ദ്നി 18 വയസ്സായപ്പോൾ സ്ഥാനമൊഴിഞ്ഞു, ശംഭു പുതിയ പത്രാധിപരായി. പുലർച്ചെ ആറുമുതൽ ഒമ്പതുവരെ കാർ കഴുകുന്ന ജോലിയാണ് ശംഭുവിന്. അതു കഴിഞ്ഞ് ചേരികൾ, റെയിൽവേ സ്റ്റേഷൻ, ബസ്സ്റ്റാൻഡ് എന്നിവിടങ്ങളിൽ ചെന്ന് കുട്ടികളുടെ വിശേഷങ്ങൾ തിരക്കും, സങ്കടം പറയുന്നവരുടെ വിവരങ്ങൾ ചൈൽഡ് ലൈൻെറ 1098 നമ്പറിൽ വിളിച്ച് ധരിപ്പിക്കും. ഫോട്ടോകൾ എടുക്കും. മറ്റുള്ളവ കുറിച്ചെടുത്ത് വാർത്തകളാക്കും.

ഇതിലേറെ ദയനീയമായിരുന്നു ചാന്ദ്നിയുടെ ജീവിതം. ചെറുപ്പത്തിൽ അച്ഛനൊപ്പം തെരുവുസർക്കസ് കളിച്ചുനടന്നു. പെട്ടെന്നൊരുനാൾ അച്ഛൻ മരിച്ചതോടെയാണ് ജീവിതം ശരിക്കും ഞാണിന്മേൽ കളിയായത്. അമ്മയുടെ വരുമാനംകൊണ്ട് കുടുംബം പുലരുമായിരുന്നില്ല, അങ്ങനെ മറ്റു കുട്ടികൾക്കൊപ്പം പാട്ടയും കടലാസും പെറുക്കാൻ നടന്നു, കുറച്ചുകാലം ട്രാഫിക് സിഗ്നലുകളിൽ ബലൂണും പൂക്കളും വിറ്റു. കുട്ടികൾക്കിടയിൽ സാമൂഹികപ്രവർത്തനം നടത്തുന്ന വളൻറിയർമാരുടെ ശ്രദ്ധയിൽപെട്ടതോടെ അക്ഷരങ്ങളുടെ ലോകത്തേക്ക് വന്നു. ഓപൺ സ്കൂൾ വഴി പഠനമാരംഭിച്ചതിനൊപ്പം ബാലക്നാമയിലുമെത്തി. ഇപ്പോൾ പത്രത്തിൻെറ ഉപദേശസമിതി അംഗമാണ്. ഒരു മാളിൽ ജോലി ചെയ്യുന്നു. ഒപ്പം പഠനവും ബാലാവകാശ പ്രവർത്തനങ്ങളും തുടരുന്നു.

### ഇത് കുട്ടിക്കളിയല്ല

2003ൽ രണ്ടു പേജായി തുടങ്ങിയതാണ് ബാലക്നാമ. കുട്ടികൾ നേരിടുന്ന അതിക്രമങ്ങളെക്കുറിച്ചും വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ചുമുള്ള ബോധവത്കരണമായിരുന്നു ഈ താളുകളിൽ ഏറെയും. പുറംലോകംകേട്ടാൽ വിശ്വസിക്കാത്ത പീഡനങ്ങളുടെ കഥകൾ മുഖ്യധാരാ മാധ്യമങ്ങൾ കണ്ടില്ലെന്നുനടിച്ചപ്പോൾ അവയെക്കുറിച്ച് മടിയേതുമില്ലാതെ വാർത്തകൾ നൽകി. റെയിൽവേ പാളങ്ങളിൽനിന്ന് മൃതദേഹങ്ങൾ നീക്കം ചെയ്യാൻ പൊലീസ് തെരുവുകുട്ടികളെ നിയോഗിക്കുന്നുവെന്ന വാർത്തയായിരുന്നു അതിലൊന്ന്. ഏൽപിച്ച പണി ചെയ്തില്ലെങ്കിൽ പ്ലാറ്റ്ഫോമിൽ കിടന്നുറങ്ങാനോ സ്റ്റേഷൻ വളപ്പിൽ കുപ്പിപെറുക്കാനോ സമ്മതിക്കില്ലെന്ന് ഭീഷണിപ്പെടുത്തിയാണ് കുട്ടികളെക്കൊണ്ട് പൊലീസ് ഇതു ചെയ്യിച്ചിരുന്നത്.

പേടിയാണെന്നു പറഞ്ഞ കുട്ടികളിൽ ചിലരെ ലഹരി മരുന്നുകൾ നൽകി ഭാഗങ്ങൾ അറ്റുപോയ മൃതദേഹങ്ങൾ പേറിച്ചു. പലരും ഇതോടെ പതിവുമയക്കുമരുന്നുശീലക്കാരായി, മറ്റു ചിലർ രാത്രിയിൽ ഞെട്ടിയുണർന്ന് സമനില തെറ്റിയ പരുവത്തിലായി. ബാലക്നാമയിലെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ട് ശിശു അവകാശ പ്രവർത്തകരും മനഃശാസ്ത്ര വിദഗ്ധരും പ്രതികരിക്കാൻ തയാറായതോടെ പത്രങ്ങളും ചാനലുകളും വാർത്ത നൽകി. ഇപ്പോൾ പൊലീസുകാർ കുട്ടികളെക്കൊണ്ട് ഈ ജോലി ചെയ്യിക്കുന്നതു നിർത്തി. പകരം ന്യൂഡൽഹി റെയിൽവേ സ്റ്റേഷനടുത്ത് അവർക്കായി ഒരു സമാന്തര സ്കൂൾ തുറന്നു നൽകി. നൊബേൽസമ്മാനജേതാവ് കൈലാശ് സത്യാർഥി, സ്വാമി അഗ്നിവേശ് ഉൾപ്പെടെ പ്രമുഖ ആക്ടിവിസ്റ്റുകൾ ഇപ്പോൾ പത്രത്തിൻെറ വരിക്കാരാണ്. ബി.ബി.സി, അൽജസീറ, ഗാർഡിയൻ തുടങ്ങിയ ലോക മാധ്യമങ്ങൾപോലും ബാലക്നാമയെ അഭിനന്ദിച്ച് ഫീച്ചറുകൾ പ്രസിദ്ധീകരിച്ചു. പത്രം അച്ചടിച്ചിറക്കാനുള്ള സാമ്പത്തിക-സാങ്കേതിക സഹായം മാത്രമാണ് തങ്ങൾ നൽകുന്നതെന്നാണ് പിന്തുണ നൽകുന്ന സന്നദ്ധസംഘടനയുടെ ഭാരവാഹികൾ പറഞ്ഞത്.

### റുസ്തം സൂപ്പർസ്റ്റാർ

പിച്ചക്കാരൻ റുസ്തം പെട്ടെന്നൊരു ദിവസംകൊണ്ട് റിപ്പോർട്ടർ റുസ്തം ആയത് ഒരു ഗംഭീര സംഭവമാണ്. കെട്ടുപണിക്കുപോകുന്ന മാതാപിതാക്കളുടെ മകനായ റുസ്തമിന് സ്കൂളിൽ പോകാൻ അവസരമില്ലായിരുന്നു. ആളുകൾക്കു മുന്നിൽ കൈനീട്ടി കിട്ടുന്നതുകൊണ്ട് വഴിയോരക്കടകളിൽനിന്ന് പക്കോഡയും സമൂസയും വാങ്ങിക്കഴിഞ്ഞുപോന്നു ഈ 12കാരൻ. ഇങ്ങനെ കറങ്ങിനടക്കുമ്പോഴാണ് പ്രദേശത്തെ വീട്ടിൽ ഒരു കൊച്ചുപെൺകുട്ടിയുടെ കല്യാണം നടത്താനൊരുങ്ങുന്ന വിവരമറിയുന്നത്. ഇടക്ക് വിശേഷങ്ങൾ ചോദിച്ചെത്താറുള്ള ബാലക്നാമ റിപ്പോർട്ടറെ തേടിപ്പിടിച്ച് വിവരം പറഞ്ഞു. പത്രത്തിൽ വാർത്ത വന്നതോടെ പ്രാദേശിക നേതാക്കളും ബാലാവകാശ സമിതിയും പൊലീസും ഇടപെട്ടു, കേസായി വാർത്തയായി, വിവരം പുറത്തറിയിച്ച റുസ്തം സ്റ്റാറായി. പത്രത്തിൻെറ റിപ്പോർട്ടറായി മാറിയ റുസ്തം ഇപ്പോൾ ഭിക്ഷാടനം നിർത്തി, പഠിക്കാൻ പോകുന്നു, അല്ലറ ചില്ലറ ജോലികൾക്കും. പ്രസിദ്ധീകരിക്കപ്പെടുന്ന വാർത്തകൾക്ക് പ്രതിഫലമായി സ്കൂൾബാഗ്, പുസ്തകങ്ങൾ എന്നിങ്ങനെ പഠനസാമഗ്രികൾ കിട്ടും. ഫീൽഡ് പ്രവർത്തനം നടത്തുന്നതിന് ചെറിയൊരു സ്റ്റൈപൻഡും. കമ്പ്യൂട്ടർ, ഡിസൈനിങ്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങി ഇഷ്ടമേഖലകളിൽ പഠനം നടത്താനും അവസരമൊരുക്കി നൽകും.

കുഞ്ഞുനാൾ മുതലേ ഫാക്ടറിയിൽ ജോലി ചെയ്തുവന്നിരുന്ന ഷന്നോയുടെ ജീവിതം മാറുന്നതും ബഢ്തേ കദവും ബാലക്നാമയുമായി ചങ്ങാത്തം കൂടിയതിൽ പിന്നെയാണ്. ഓപൺ സ്കൂൾ വഴി പഠനം നടത്തിയ അവരിപ്പോൾ സാമൂഹിക പ്രവർത്തനത്തിൽ ബിരുദത്തിനു പഠിക്കുന്നു, പത്രത്തിൻെറ മുഖ്യ ഉപദേഷ്ടാവാണ്. കുഞ്ഞായിരിക്കുമ്പോൾ കഠിനജോലി ചെയ്ത് പോളച്ചുപോയ കൈകൾകൊണ്ട് ഷന്നു പത്രത്തിൻെറ ഡമ്മി വരക്കുന്നതു കണ്ട് എന്തെന്നില്ലാത്ത സന്തോഷം തോന്നി. അവഗണിക്കാനും പിഴുതുമാറ്റാനും ശ്രമിച്ചവർക്ക് ചരിത്രം അതിൻെറ അവകാശികളെക്കൊണ്ട് ഇങ്ങനെയാവും മറുപടി നൽകുന്നുണ്ടാവുക.

### മുതിർന്നവരുടെ ലോകത്തോട് പറയാനുള്ളത്...

പാട്ടപെറുക്കലിൽനിന്നും പാത്രംകഴുകലിൽനിന്നുമെല്ലാം ഒഴിവുകിട്ടിയ ഒരു സായാഹ്നത്തിൽ ഒപ്പം നടന്ന കുട്ടിറിപ്പോർട്ടർമാർ പത്രപ്രവർത്തനം സംബന്ധിച്ച സംശയങ്ങൾ ചോദിച്ചറിഞ്ഞു. പിന്നെ അവരുടെ ഉള്ളിലെ വേദനകൾ പങ്കുവെച്ചു.

ബസിലോ ട്രെയിനിലോ ഒരു മോഷണം നടന്നാൽ ആദ്യം സംശയിക്കുക അടുത്തു കാണുന്ന തെരുവുപിള്ളേരെയാവും. വർണബൾബുകൊണ്ടലങ്കരിച്ച കടകളിൽ ഭക്ഷണം വാങ്ങാൻ പണവുമായി ചെന്നാൽ പോലും ആട്ടിയോടിക്കപ്പെടാറാണ് പതിവ്, ഞങ്ങൾക്കും ആഗ്രഹങ്ങളില്ലേ, ഭിക്ഷ തേടുന്ന കുട്ടികളെക്കണ്ടാൽ അറപ്പാണ് നിങ്ങൾക്ക്.

പക്ഷേ, അവരെ വായും മൂക്കും പൊത്തിപ്പിടിച്ച് കൊണ്ടുപോയി അറപ്പുള്ള ചെയ്തികൾ നടത്തുന്നവരെ ആരും ആട്ടിയോടിക്കുകയുമില്ല. ഇനിയും ഉണ്ട് പറയാൻ... കുറ്റകൃത്യങ്ങളിൽ പിടിക്കുന്ന കുട്ടികളുടെ പ്രായം കുറച്ചതും ബാലവേലക്കെതിരെ നിയമം കൊണ്ടുവന്നതുമെല്ലാം മുതിർന്നവരുടെ ചിന്താഗതിപ്രകാരമാണ്. കുട്ടികൾ എങ്ങനെ ചിന്തിക്കുന്നു എന്ന് ഒരാളും അന്വേഷിച്ചില്ല, കുറ്റകൃത്യങ്ങളിൽ എങ്ങനെ പെട്ടുപോകുന്നു എന്നു തിരക്കിയില്ല... നിങ്ങൾക്ക് ഇഷ്ടമുള്ളതു മാത്രമാണ് നിങ്ങളുടെ വാർത്ത... പക്ഷേ, ഇതെല്ലാം ഞങ്ങൾ എഴുതും...

അവർ പറഞ്ഞത് എത്ര സത്യമെന്നോർത്തു. ഒരു കേന്ദ്രമന്ത്രി ഡൽഹിയിൽ ബാലലൈംഗിക റാക്കറ്റ് നടത്തുന്നുവെന്ന് വാർത്താസമ്മേളനം നടത്തിപ്പറഞ്ഞത് ഡൽഹി വനിതാ കമീഷൻ അധ്യക്ഷയാണ്. ആരാണ് ആ മന്ത്രി എന്ന് ഒരു മുതിർന്ന പത്രക്കാരനും തിരിച്ചുചോദിച്ചില്ല. തിരക്കിച്ചെന്നതുമില്ല. അതിർത്തിയിലെ സംഘർഷങ്ങളെക്കുറിച്ച് ക്ഷോഭവാർത്ത എഴുതുന്ന തിരക്കിൽ യുദ്ധമുനമ്പിലെന്നതിനേക്കാൾ ഭീതിദമായി നരകിക്കുന്ന ആ കുട്ടികളെക്കുറിച്ച് ഒരാളും രോഷംപൂണ്ടില്ല. സൗരഭ്, നഗ്മ, ബാരിഷ്, അജിത്, മുന്ന, ഫൈസാൻ, ശംഭു, പിങ്കി... നെഞ്ചിലെ ചോദ്യങ്ങളുടെ തീകെടാതെ വളരുക, ഉപജീവനത്തിനും അതിജീവനത്തിനും വേണ്ടി മാധ്യമപ്രവർത്തനം നടത്തുന്ന ഞങ്ങളെപ്പോലെ ആവാതിരിക്കുക... നാളെയുടെ മാധ്യമലോകത്തിൻെറ നെഞ്ചുറപ്പ് നിങ്ങളാവട്ടെ! ●

**2003ൽ രണ്ടു പേജായി തുടങ്ങിയതാണ് ബാലക് നാമ. പുറംലോകം കേട്ടാൽ വിശ്വസിക്കാത്ത പീഡനങ്ങളുടെ കഥകൾ മുഖ്യധാരാ മാധ്യമങ്ങൾ കണ്ടില്ലെന്നു നടിച്ചപ്പോൾ അവയെക്കുറിച്ച് മടിയേതുമില്ലാതെ വാർത്തകൾ നൽകി. റെയിൽവേ പാളങ്ങളിൽനിന്ന് മൃതദേഹങ്ങൾ നീക്കം ചെയ്യാൻ പൊലീസ് തെരുവുകുട്ടികളെ നിയോഗിക്കുന്നുവെന്ന വാർത്തയായിരുന്നു അതിലൊന്ന്**


02
• ഏക സിവിൽകോഡ് ചർച്ചകളുടെ പശ്ചാത്തലത്തിൽ മുസ്ലിം സ്ത്രീജീവിതത്തെക്കുറിച്ച് ഖമറുന്നിസ അൻവർ സംസാരിക്കുന്നു...
**മഹ്ർ, മുത്തലാഖ്, പർദ...**
• മലയാളിയുടെ പ്രിയസംവിധായകൻ സത്യൻ അന്തിക്കാടിൻെറ നിരീക്ഷണങ്ങൾ
**അന്തിക്കാടൻ സിനിമകൾ**
• നൊബേൽ സമ്മാന ജേതാവ് ബോബ് ഡിലൻെറ സർഗജീവിതത്തെക്കുറിച്ച്...
**നൊബേൽ സംഗീതം**
04




അഭിമുഖം

**മുസ്‌ലിം സ്ത്രീജീവിതത്തെക്കുറിച്ചും തൻെറ പൊതുപ്രവർത്തനങ്ങളെക്കുറിച്ചും ഖമറുന്നിസ അൻവർ സംസാരിക്കുന്നു...**

# മഹ്ർ മുത്തലാഖ് പർദ...



ഖമറുന്നിസ അൻവർ — ഫോട്ടോ: അജീബ് കൊമാച്ചി

**ഡോ. ഖമറുന്നിസ അൻവർ / വി.വി. ശ്രീജിത്ത്**

1997 മുതൽ വനിതാലീഗ് സംസ്ഥാന പ്രസിഡൻറ് സ്ഥാനം വഹിക്കുന്ന ഖമറുന്നിസ അൻവർ കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡ് ഉന്നതാധികാര സമിതിയംഗമായി തെരഞ്ഞെടുക്കപ്പെട്ടത് അടുത്തിടെയാണ്. വിവിധ രാജ്യങ്ങളിൽ നടന്ന വനിതാ കൺവെൻഷനുകളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തു. എം.ഇ.എസ് വനിതാവിഭാഗം ദേശീയ സെക്രട്ടറിയായി പത്തുവർഷത്തോളം പ്രവർത്തിച്ച അവർ സ്ത്രീകളോട് സമൂഹം പുലർത്തുന്ന സമീപനങ്ങളെക്കുറിച്ചും മതം അനുശാസിക്കുന്ന കാര്യങ്ങൾ സ്ത്രീയുടെ കാര്യത്തിൽ ലംഘിക്കപ്പെടുന്നതിനെക്കുറിച്ചും മനസ്സ് തുറക്കുന്നു

*സ്ത്രീപ്രശ്നങ്ങൾ ഏറെ ചർച്ചയാകുമ്പോഴും വനിതാസംഘടനകളിൽ പുതുതായി കടന്നുവരുന്നവരുടെ എണ്ണം കുറയുകയല്ലേ?*

◉ രാഷ്ട്രീയത്തിൽ വരാൻ പലർക്കും മടിയാണ്. എത്ര പ്രവർത്തിച്ചാലും അംഗീകാരം കിട്ടില്ലയെന്ന ചിന്തയാണ് ഭൂരിപക്ഷം പേർക്കും. സംഘടനകളിൽ പ്രവർത്തിക്കുന്നതിനേക്കാൾ താൽപര്യം തദ്ദേശസ്ഥാപനങ്ങളിലും മറ്റും ഒതുങ്ങുന്നതിനാണ്. അവരോടെല്ലാം ഞങ്ങൾ പറയുന്നത് അംഗീകാരവും സ്ഥാനവുമല്ല വലുതെന്നും പ്രവർത്തനങ്ങളിലെ മികവാണ് പ്രധാനമെന്നുമാണ്. ഏറെക്കാലം മുമ്പ് ഞങ്ങളെല്ലാം പൊതുരംഗത്തേക്കിറങ്ങിയത് കടുത്ത എതിർപ്പുകൾ വകവെക്കാതെയാണ്. ഞാൻ പൊതുപ്രവർത്തനത്തിനിറങ്ങിയത് അറിഞ്ഞെത്തിയ ചില പ്രമാണിമാർ പറഞ്ഞത് കല്ലേറ് കിട്ടുമെന്നായിരുന്നു. കല്ലേറ് കൊണ്ടോളാമെന്നായിരുന്നു എൻെറ മറുപടി. മാത്രമല്ല, അവരെല്ലാംതന്നെ പിന്നീട് തിരുത്തിപ്പറഞ്ഞ ചരിത്രമേയുണ്ടായിട്ടുള്ളൂ.

*വനിതാലീഗിന് എത്രമാത്രം പ്രവർത്തനസ്വാതന്ത്ര്യമുണ്ട്?*

◉ അച്ചടക്കത്തോടെയാകണം പ്രവർത്തനമെന്ന് 1997ൽ വനിതാലീഗ് തുടങ്ങിയപ്പോൾ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ പറഞ്ഞ വാക്കുകളാണ് ഇന്നും വഴികാട്ടി. വൈകീട്ട് ആറുമണിക്കുശേഷം പുറത്തിറങ്ങി പ്രവർത്തനം വേണ്ടെന്ന ഉപദേശവും അദ്ദേഹം നൽകിയിരുന്നു. എൻെറ അഭിപ്രായത്തിൽ അത് നല്ല നിർദേശമാണ്. അത്രയും പ്രശ്നങ്ങൾ കുറയുമല്ലോ. കുടുംബത്തിൻെറ എല്ലാ കാര്യങ്ങളും ഉറപ്പുവരുത്തിയാണ് അന്നും ഇന്നും പൊതുപ്രവർത്തനം. ആ രീതിയിൽ മാറ്റമുണ്ടാകരുതെന്ന് നിർബന്ധമുണ്ട്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മാത്രമാണ് അന്ന് വനിതാലീഗ് പ്രവർത്തനം തുടങ്ങിയത്. ഇന്ന് എല്ലാ ജില്ലകളിലും ദേശീയതലത്തിലും പ്രവർത്തനം വ്യാപിച്ചു.

*വനിതാലീഗിന് സീറ്റ് വേണമെന്നത് എല്ലാ തെരഞ്ഞെടുപ്പുകളിലും കേൾക്കുന്ന ആവശ്യമാണ്. എന്നാൽ, യാഥാർഥ്യമായിട്ടില്ല?*

◉ ഞങ്ങൾ പ്രതീക്ഷയിൽതന്നെയായിരുന്നു. സ്ത്രീകൾ മുൻനിരയിലേക്ക് വരുന്നതിൽ എതിർപ്പുള്ളവർ പാർട്ടിയിൽതന്നെയുണ്ട്. വ്യത്യസ്ത അഭിപ്രായമുള്ളവരെ ഒരുമിപ്പിച്ച് കൊണ്ടുപോകേണ്ട ഉത്തരവാദിത്തമാണ് നേതൃത്വത്തിനുള്ളത്. സ്ത്രീകളുടെ വോട്ട് മാത്രമല്ലല്ലോ വേണ്ടത്. എല്ലാവരുടെയും വോട്ട് ലഭിക്കേണ്ടതുണ്ട്.

*രാഷ്ട്രീയരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകളെ പിറകിൽനിന്ന് ഭരിക്കുകയാണെന്ന പ്രചാരണം എത്രമാത്രം ശരിയാണ്?*

◉ പലരുടെയും സ്വാർഥതയാണ് ഇതിന് കാരണം. സ്ത്രീകൾ ജയിച്ചാലും ഭർത്താക്കന്മാർ അധികാരം വിട്ടുകൊടുക്കാത്ത അവസ്ഥ ചിലയിടത്തെങ്കിലുമുണ്ട്. എന്നാൽ, ഒരു പരിചയവുമില്ലാതെ കടന്നുവന്ന് പഞ്ചായത്ത്, നഗരസഭ, ജില്ലാപഞ്ചായത്ത് തലങ്ങളിൽ കഴിവ് തെളിയിച്ച നിരവധി പേരെ എനിക്ക് വ്യക്തിപരമായറിയാം.

*സ്ത്രീകൾക്ക് ഭാരിച്ച ജോലികൾ ചെയ്യാനാകില്ലെന്ന തരത്തിൽ പ്രമുഖ മതപണ്ഡിതൻ നടത്തിയ പ്രതികരണം വിവാദമായിരുന്നല്ലോ?*

◉ ഇത്തരം പ്രതികരണങ്ങൾ ഞങ്ങൾ മുഖവിലക്കെടുക്കുന്നില്ല. വനിതാബിൽ ഇന്നും പാസാകാത്തതിന് കാരണം അഖിലേന്ത്യാ തലത്തിൽ ഈ സമീപനം പലരും പുലർത്തുന്നതിനാലാണ്. കോൺഗ്രസും ബി.ജെ.പിയും ഭരിച്ചിട്ടും ആ സ്ഥിതിയിൽ മാറ്റമില്ല. സ്ത്രീകളെ മുന്നോട്ടുകൊണ്ടുവരുന്നതിൽ ഇത്തരം പുരുഷന്മാർ എതിര് നിൽക്കുന്നു. സംവരണം കൊണ്ട് മാത്രമാണ് അധികാരസ്ഥാനങ്ങളിൽ ഇത്രയെങ്കിലും വനിതകൾ എത്തിയത്.

*മുസ്‌ലിം സ്ത്രീകളിൽ പർദ ഒരു തരംഗമായി പടരുകയാണെന്ന് വിമർശമുണ്ടല്ലോ?*

◉ പർദ ഇസ്‌ലാമികവേഷമല്ല. എളുപ്പത്തിൽ ധരിക്കാവുന്ന ഒരു വസ്ത്രമെന്ന് പറയാം. അല്ലാതെ അതൊരു നിർബന്ധിത വേഷമല്ല. മുഖവും മുൻകൈയും ഒഴിച്ചുള്ള ഭാഗങ്ങൾ മറയ്ക്കാൻ മാത്രമേ മതം പറയുന്നുള്ളൂ. മുഖം മറയ്ക്കാൻ എവിടെയും പറയുന്നില്ല. മാത്രമല്ല, മുഖം തുറന്നിടാനാണ് പറയുന്നത്. പർദ എന്നൊരു വാക്കുപോലും ഖുർആനിലോ ഹദീസിലോ ഇല്ല. ഹിജാബ് എന്നേയുള്ളൂ. ചുരിദാറോ, സാരിയോ, മലേഷ്യൻ വസ്ത്രമോ എന്തുവേണമെങ്കിലും ധരിക്കാൻ മുസ്‌ലിം സ്ത്രീകൾക്ക് സ്വാതന്ത്ര്യമുണ്ട്. ഹജ്ജിന് പോകുമ്പോൾ പുരുഷൻ ഒറ്റ വേഷം മാത്രമേ ധരിക്കാവൂ. എന്നാൽ, സ്ത്രീകൾക്ക് ഏതു വേഷവുമാകാം. ഇന്ന് പർദയുടെ പ്രചാരം വർധിച്ചതിൽ വ്യവസായിക താൽപര്യങ്ങൾകൂടിയുണ്ടാകാം. എൻെറ വേഷവിധാനം കണ്ടിട്ട് ഒരിക്കൽ ഒരു ഡി.എം.ഒ ചോദിച്ചത് നിങ്ങൾക്ക് ഈ കാടൻവേഷമേ ധരിക്കാൻ കിട്ടിയുള്ളോ എന്നാണ്. മദർതെരേസയുടെയും ഇന്ദിര ഗാന്ധിയുടെയും സ്ഥിരം വേഷങ്ങളെക്കുറിച്ചോർമിപ്പിച്ചാണ് ഞാൻ അന്ന് അവർക്ക് മറുപടി നൽകിയത്.

*ശരീഅത്തിൻെറ മൗലിക തത്ത്വങ്ങളിൽ നിന്നുകൊണ്ടുതന്നെ മുസ്‌ലിം വ്യക്തിനിയമം പരിഷ്കരിക്കണമെന്ന ആവശ്യത്തോട് എങ്ങനെ പ്രതികരിക്കുന്നു?*

◉ മുസ്‌ലിം വ്യക്തിനിയമത്തിനല്ല പ്രശ്നം. അത് നടപ്പാക്കുന്നിടത്താണ്. ഏതെങ്കിലും ബോർഡിൻെറയോ വ്യക്തികളുടെയോ തീരുമാനങ്ങളല്ല സ്ത്രീകൾക്ക് വേണ്ടത്. സ്ത്രീകൾക്കുള്ള അവകാശവും സ്വാതന്ത്ര്യവുമെല്ലാം മതത്തിൽതന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിക നിയമം എന്നും ഒന്നാണ്. നാടിനോ കാലത്തിനോ അനുസരിച്ച് മാറുന്നതല്ല. ഖുർആനിലും ഹദീസിലും സ്ത്രീയെ സംരക്ഷിക്കാനുള്ള കാര്യങ്ങൾ നിർവചിച്ചിട്ടുണ്ട്. എന്നാൽ, ഇന്ന് നേരെമറിച്ചാണ് കാര്യങ്ങൾ. മുഹമ്മദ് നബി മരിക്കാൻ നേരത്ത് നടത്തിയ പ്രസംഗത്തിൽപോലും പറഞ്ഞത് സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ചാണ്. സ്ത്രീകളോട് മാന്യമായി പെരുമാറുന്നവനാണ് ഉത്തമനായ വ്യക്തിയെന്നാണ് നബി പറഞ്ഞത്. അടുക്കളക്കാര്യം പോലും സ്ത്രീയുടേത് മാത്രമാണെന്ന് മതം പറയുന്നില്ല. ഭർത്താവ് അവളെ അടുക്കളയിലും സഹായിക്കണം.

*സ്ത്രീക്കുനേരെയുള്ള അനീതികൾ ഏതൊക്കെ രീതിയിൽ പ്രകടമാണ്?*

◉ സ്ത്രീധനംതന്നെയെടുക്കാം. ഒരിക്കലും ഇസ്‌ലാമിൽ പറഞ്ഞിട്ടില്ലാത്ത കാര്യമാണത്. സ്ത്രീതന്നെയാണ് ധനമെന്നാണ് മതം പഠിപ്പിച്ചത്. എന്നാൽ, മഹ്ർ വേണമോയെന്നു പോലും ചോദിക്കുന്നില്ലെന്ന സ്ഥിതിയിലെത്തിയിരിക്കുന്നു കാര്യങ്ങൾ. സ്ത്രീക്ക് തനിക്കാവശ്യമുള്ള മഹ്ർ ആവശ്യപ്പെടാമെന്ന് വ്യക്തമായി പറഞ്ഞിട്ടും ഇന്നും അവളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുകയാണ്. അവൾ പൊന്നിൻകൂമ്പാരം ചോദിച്ചാലും നൽകണം. ഇന്ന് നക്കാപ്പിച്ച മഹ്ർ നൽകിയാണ് പലയിടത്തും നിക്കാഹ് നടക്കുന്നത്. മഹ്ർ പേരിന് മാത്രമായി. വരൻെറ ആളുകൾ നിശ്ചയിക്കുന്നത് നൽകുന്നു. അതിൻെറ പത്തിരട്ടി സ്ത്രീധനമായി വാങ്ങുകയും ചെയ്യുന്നു. സമ്പന്നരായ അറബികളിൽ പലരും ഭാരിച്ച മഹ്ർ നൽകാൻ സാധിക്കാത്തതിനാലാണ് വേറെ നാടുകളിൽ പോയി വിവാഹം കഴിക്കുന്നതെന്നത് കാണണം. കുഞ്ഞിനെ വളർത്താൻ കഴിവില്ലെങ്കിൽ ആരോഗ്യമുള്ള സ്ത്രീക്ക് പണം നൽകിയിട്ടെങ്കിലും മുലപ്പാൽ നൽകാൻ അവസരമൊരുക്കണമെന്ന് നിഷ്കർഷിച്ചത് സ്ത്രീയുടെയും കുഞ്ഞിൻെറയും ആരോഗ്യത്തിനും ക്ഷേമത്തിനും ഇസ്‌ലാം കാലങ്ങൾക്കു മുമ്പു തന്നെ എത്രത്തോളം മുൻതൂക്കം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു.

*മുത്തലാഖിനെക്കുറിച്ച് സ്ത്രീയും പുരുഷനും എത്രമാത്രം ബോധവാന്മാരാണ്?*

◉ ഭൂമിയിൽ ദൈവം ഏറ്റവുമധികം വെറുക്കുന്ന കാര്യമാണ് വിവാഹമോചനം. അതുകൊണ്ടുതന്നെ ഉറപ്പിച്ചു പറയാം, അത് അത്ര എളുപ്പത്തിൽ ചെയ്യാവുന്ന കാര്യമല്ല. മുസ്‌ലിം പുരുഷന് നാല് വിവാഹം കഴിക്കാമെന്ന് പറയുന്നത് കൃത്യമായ നിബന്ധനകളോടെയാണ്. ഒന്നിലധികം വിവാഹം കഴിച്ചാൽതന്നെ എല്ലാ ഭാര്യമാർക്കും വസ്ത്രം, ഭക്ഷണം എന്നിവയെപ്പോലെ സ്നേഹവും പങ്കിട്ട് നൽകണം. എന്നാൽ, ഒരു പുരുഷനും അത് സാധിക്കില്ല. അങ്ങനെ പെരുമാറാൻ സാധിക്കില്ലെങ്കിൽ ഒരു വിവാഹത്തിൽ ഒതുങ്ങിക്കോളൂ എന്നാണ് മതം പഠിപ്പിച്ചത്. മൊബൈൽ ഫോണിൽ മെസേജയച്ച് മൊഴി ചൊല്ലുന്നതും മറ്റും അവകാശ നിഷേധമായി ചുരുക്കിക്കാണാനാകില്ല. ഇത് അക്രമമാണ്. അനിസ്‌ലാമികമാണ്. ഇതിനെതിരെ സമുദായനേതാക്കളും സമൂഹവും ഒറ്റക്കെട്ടായി രംഗത്തിറങ്ങുകയല്ലാതെ പോംവഴിയില്ല.

*സ്ത്രീകളുടെ അവകാശമെന്ന നിലയിൽ ഫസ്ഖിനെ എങ്ങനെ നോക്കിക്കാണുന്നു?*

◉ പുരുഷന് തലാഖ് ചൊല്ലി സ്ത്രീയെ ഒഴിവാക്കാമെങ്കിൽ സ്ത്രീക്ക് ഫസ്ഖിലൂടെ അതിന് അവകാശമുണ്ട്. അവളുടെ ജീവിതത്തിന് യോജിച്ച വ്യക്തിയല്ലെങ്കിൽ വേണ്ടെന്നുവെക്കാം. എന്നാൽ, കോടതി മുഖേനയേ നടത്താവൂ, ഒരു വർഷം മുമ്പറിയിക്കണം തുടങ്ങിയ കൂച്ചുവിലങ്ങുകളിലൂടെ സ്ത്രീയുടെ ഈ അവകാശത്തെ തടയാനാണ് ഇന്നുള്ള ശ്രമം. ഇസ്‌ലാമിക രാജ്യങ്ങളിൽപോലും ഇക്കാര്യത്തിൽ ലഭിക്കുന്ന സ്വാതന്ത്ര്യം ഇന്ത്യയിൽ ലഭിക്കുന്നില്ല. സ്ത്രീക്ക് ഇത്രയും സ്വാതന്ത്ര്യം വേറെ ഏത് മതത്തിലാണുള്ളത്. എന്നാൽ, പല ക്ലാസുകളിലും ഫസ്ഖിനെക്കുറിച്ച് ഞങ്ങളെല്ലാം പറയുമ്പോൾ പുരുഷന്മാർ കണ്ണുരുട്ടി നോക്കുന്ന സ്ഥിതിയാണിന്ന്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് മിക്ക ഭർത്താക്കന്മാരും പ്രാധാന്യം കൽപിക്കുന്നില്ല.

*സ്ത്രീവിദ്യാഭ്യാസ പ്രവർത്തനത്തിനിടയിൽ മറക്കാനാകാത്ത അനുഭവങ്ങൾ?*

◉ സമ്പൂർണ സാക്ഷരതക്കായുള്ള പ്രവർത്തനം ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി. മലപ്പുറം ജില്ലയുടെ തീരപ്രദേശങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പിന്നാക്ക വിഭാഗത്തിൽപെട്ട നിരവധി സ്ത്രീകൾക്ക് അക്ഷരവെളിച്ചമെത്തിക്കാനായി. ഞങ്ങളുൾപ്പെടെയുള്ള സ്ത്രീകൾ നേതൃത്വം നൽകിയതിനാലാണ് പല മുസ്‌ലിം സ്ത്രീകളും അന്ന് സാക്ഷരതാപ്രവർത്തനവുമായി സഹകരിച്ചത്. ആദ്യം ഓടിയൊളിച്ച സ്ത്രീകൾ പിന്നീട് ഞങ്ങൾ ചെല്ലുമ്പോൾ ആവേശത്തോടെ സ്വീകരിച്ചു.

*പൊതുരംഗത്തേക്കുള്ള കടന്നുവരവ്?*

◉ ഒരിക്കലും പൊതുപ്രവർത്തനരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നില്ല ഞാൻ. കണ്ണൂരിൽനിന്ന് തിരൂരിലെത്തിയപ്പോൾ സ്ത്രീകളുടെ പിന്നാക്കാവസ്ഥ കണ്ടാണ് അവരുടെ പ്രശ്നങ്ങളിലേക്കിറങ്ങിച്ചെല്ലുന്നത്. ഭർത്താവിൻെറ പിന്തുണ വലിയ സഹായമായി. മുസ്‌ലിം സ്ത്രീകളുടെ അവസ്ഥ വളരെ പരിതാപകരമാണെന്നും അവർക്കുവേണ്ടി പ്രവർത്തിക്കണമെന്നും എപ്പോഴും പറയുമായിരുന്ന ബാപ്പയുടെ സ്വാധീനവും എൻെറ പ്രവർത്തനങ്ങൾക്ക് പിറകിലുണ്ട്. ●

ഓർമ

**ഒക്ടോബർ 27ന് വയലാറിൻെറ സ്മരണക്ക് 41 വയസ്സ്. കവിയും ഗാനരചയിതാവുമായിരുന്ന വയലാറിൻെറ രണ്ട് പ്രസംഗങ്ങളെ ഓർക്കുകയാണിവിടെ...**

# വയലാറിൻെറ പ്രസംഗങ്ങൾ

**സുബ്രഹ്മണ്യൻ അമ്പാടി**

മനുഷ്യാവകാശങ്ങളുടെ പോരാട്ടചരിത്രത്തിലെ ദീപവഴിയായ വൈക്കം സത്യഗ്രഹത്തിൻെറ കനകജൂബിലി ആഘോഷം വൈക്കത്ത് നടക്കുകയാണ്. ഒരു വർഷം നീണ്ടുനിന്ന ആഘോഷങ്ങൾക്ക് പരിസമാപ്തി കുറിച്ച് 1975 ഏപ്രിൽ 27ന് വൈക്കം സത്യഗ്രഹ സേനാനികൾക്ക് സ്വീകരണവും ബഹുമതികളും നൽകിയ സമ്മേളനത്തിൽ മലയാളത്തിൻെറ ഗന്ധർവകവി സാക്ഷാൽ വയലാർ രാമവർമയും പങ്കെടുക്കുന്നുണ്ട്. ഒപ്പം പുത്രൻ ശരത്ചന്ദ്രനുമുണ്ട്. പ്രശസ്ത എഴുത്തുകാരനും വയലാറിൻെറ പ്രിയ സുഹൃത്തുമായ വൈക്കം ചന്ദ്രശേഖരൻ നായരുമുണ്ട് കൂടെ. സത്യഗ്രഹ നായകരുടെ സമ്മേളനവേദിയിൽ വയലാർ ഒരു മണിക്കൂറിലേറെ ഉജ്ജ്വലമായി പ്രസംഗിച്ച് നിറഞ്ഞുനിന്നു. വയലാറിൻെറ കൈപിടിച്ചുവന്ന ആ കൊച്ചുപയ്യൻ, ഇന്നത്തെ പ്രശസ്ത ഗാനരചയിതാവ് വയലാർ ശരത്ചന്ദ്രവർമ അതേപറ്റി പറയുന്നതിങ്ങനെ, 'അന്നെനിക്ക് പത്തുവയസ്സ്. ഞാൻ കേട്ട അച്ഛൻെറ അവസാന പ്രസംഗം അതായിരുന്നു.'

നാടിളക്കിയ നവോത്ഥാന സമരത്തിന് നേതൃത്വം കൊടുത്ത മഹാന്മാരുടെ നായകത്വത്തെ ഏറെ പുകഴ്ത്തിയായിരുന്നു വയലാറിൻെറ വാക്കുകൾ. വൈക്കം ക്ഷേത്രാരാധനക്കെത്തിയ ഈഴവരുടെ തലകൾ വെട്ടിമൂടിയ ദളവാക്കുളവും വേലുത്തമ്പിദളവയുടെ പൈശാചികതയും അവരണ്ണനെ അകറ്റിയ തീണ്ടൽപലകയും 99ലെ കൊടും വെള്ളപ്പൊക്കത്തിലും സമരത്തിൻെറ മുന്നിൽ പതറാതെനിന്ന സത്യഗ്രഹനേതാക്കളുടെ ജീവിതവും ശ്രീനാരായണ ഗുരുദേവൻ വൈക്കത്തെത്തി സത്യഗ്രഹത്തെ അനുഗ്രഹിച്ചതും സഹായിച്ചതും വൈക്കം സത്യഗ്രഹാശ്രമത്തിലെത്തിയ മഹാത്മാഗാന്ധിയെ കാണുന്നതിന് നാലപ്പാട്ടു നാരായണമേനോനൊപ്പം മഹാകവി വള്ളത്തോൾ നാരായണമേനോൻ എത്തി 'എൻെറ ഗുരുനാഥൻ' എന്ന കവിതയുള്ള തൻെറ കൃതി സാഹിത്യ മഞ്ജരി ഉപഹാരമായി സമർപ്പിച്ച് നമസ്കരിച്ചതുമൊക്കെ ആ വാക്കുകളിൽ നിറഞ്ഞുനിന്നു. പാണാവള്ളി കൃഷ്ണൻ വൈദ്യൻ രചിച്ച പ്രശസ്ത സത്യഗ്രഹഗാനവും അയവിറക്കി. ശ്രോതാക്കളെ വൈക്കം സത്യഗ്രഹത്തിൻെറ ചോരയും കണ്ണീരും വീണ വീഥികളിലേക്ക് കൂട്ടിക്കൊണ്ടുപോയി. മനുഷ്യമനസ്സുകളിൽനിന്നാണ് മതവും ജാതിയും അയിത്തവും നീക്കംചെയ്യേണ്ടതെന്ന സന്ദേശവും നൽകി പ്രസംഗം അവസാനിപ്പിച്ചപ്പോൾ സദസ്സിൽനിന്ന് കരഘോഷം മുഴങ്ങി. ഒരു മണിക്കൂറിൽ കവിഞ്ഞ പ്രസംഗം സദസ്സിന് പുതിയൊരു അനുഭവമായിരുന്നു. കനകജൂബിലിയോടനുബന്ധിച്ച് ഒട്ടനവധി സമ്മേളനങ്ങൾ നടന്നുവെങ്കിലും, അതിൽ പങ്കെടുത്ത തലമുതിർന്ന പലരുടെയും ഓർമയിൽ ജ്വലിച്ചുനിൽക്കുന്നത് വയലാർ രാമവർമയുടെ പ്രസംഗമാണ്.



വയലാർ രാമവർമ

അതേ വർഷംതന്നെ വയലാറിൻെറ മറ്റൊരു ഗംഭീരപ്രസംഗവും അരങ്ങേറി, 1975 ഒക്ടോബർ 21ാം തീയതി ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളജിൻെറ ആർട്സ് ക്ലബ് ഉദ്ഘാടന പ്രസംഗം. വയലാർ ഉദ്ഘാടനചടങ്ങിന് എത്താൻ താമസിച്ചതിനാൽ പ്രശസ്ത സിനിമാനടൻ എം.ജി. സോമൻ ഉദ്ഘാടനം നിർവഹിച്ചു. കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള, പ്രഫ. അമ്പലപ്പുഴ രാമവർമ, പ്രിൻസിപ്പൽ പ്രഫ. ആർ.എസ്. പണിക്കർ, പ്രശസ്ത സംഗീതജ്ഞൻ എൽ.പി.ആർ. വർമ എന്നിവർ വേദിയിൽ. അധ്യക്ഷൻെറയും ഉദ്ഘാടകൻെറയും പ്രസംഗം കഴിഞ്ഞപ്പോൾ വയലാറെത്തി. സദസ്സിനോട് ക്ഷമാപണത്തോടെ തുടങ്ങിയ പ്രസംഗം മനുഷ്യൻെറ ശക്തിയിലും സ്നേഹത്തിലും ഊന്നിക്കൊണ്ടായിരുന്നു. വിശ്വാസങ്ങളെയും ചൂഷണങ്ങളെയും എതിർത്തുകൊണ്ടും സമൂഹത്തിൻെറ അടിത്തട്ടിൽ ജീവിക്കുന്നവരുടെ പോരാട്ടങ്ങളെ പ്രകീർത്തിച്ചുകൊണ്ടും അദ്ദേഹം കേൾവിക്കാരോട് സംവദിച്ചു. പൗരാണികമിത്തുകളും പഴഞ്ചൊല്ലുകളും കൂട്ടിക്കലർത്തിയ ആ പ്രസംഗം അവസാനിച്ചത്,

'മനുഷ്യൻ- സൗന്ദര്യത്തെ സത്യത്തെ,
സംസ്കാരത്തെയുണർത്തിജ്ജീവിപ്പിക്കും
സാമൂഹ്യമനുഷ്യൻ ഞാൻ'

എന്ന വരികളോടെയായിരുന്നു. പ്രസംഗത്തിനുശേഷം വേദിയിലുണ്ടായിരുന്ന ആത്മസുഹൃത്തായ പ്രശസ്ത സംഗീതജ്ഞൻ എൽ.പി.ആർ. വർമയെ കെട്ടിപ്പിടിച്ച് സ്നേഹം പങ്കുവെച്ചു. വയലാറിൻെറ നിർബന്ധംമൂലം 'സന്ധ്യാവന്ദനം' സിനിമക്കുവേണ്ടി വയലാറെഴുതി എൽ.പി.ആർ. വർമ സംഗീതം നൽകി യേശുദാസ് പാടിയ പാട്ട് എൽ.പി.ആർ. വർമയെക്കൊണ്ട് പാടിപ്പിച്ചു.

'സന്ധ്യാവന്ദനം-വന്ദനം
ദുഃഖസംഗീത പ്രിയകളാം സ്വപ്നങ്ങളെ
സന്ധ്യാവന്ദനം ............
ഉദകം... ഉദകം...ഉദകം
നിങ്ങൾക്കന്ത്യോദകം.'

അറിഞ്ഞോ അറിയാതെയോ പാടിപ്പിച്ച പാട്ട് വയലാറിന് അറംപറ്റിയപോലെ അന്ത്യോദകമായെന്നതാണ് വേദനജനകം. അതെ, അതദ്ദേഹത്തിൻെറ അവസാനപ്രസംഗമായിരുന്നു. ആ പ്രസംഗം കഴിഞ്ഞ് ആറാം ദിവസം, ഒക്ടോബർ 27ന് അദ്ദേഹം വിടപറഞ്ഞു. അന്ന് വേദി വിട്ടിറങ്ങിയപ്പോൾ, അദ്ദേഹത്തെ കാണാനും പരിചയപ്പെടാനും നടന്നിരുന്ന ഒരു ആരാധകൻ കൊടുത്ത നോട്ട്ബുക്കിൽ അദ്ദേഹം എഴുതി,

'പണ്ടേ തുരുമ്പിച്ച പൊന്നുടവാളുമായ്
തെണ്ടാതിരിക്കട്ടെ,
നാളെയീക്ഷത്രീയൻ.'

ആ വരികൾ കുറിച്ചുവാങ്ങി അനുഗ്രഹം കിട്ടിയ വിദ്യാർഥി മലയാള കാവ്യലോകത്തിൻെറ പടവുകൾ ചവിട്ടിക്കയറിയത് മറ്റൊരു ചരിത്രം. ഈ വരികളിൽനിന്നു കിട്ടിയ ഊർജവും അനുഗ്രഹവുമായിരുന്നു തൻെറ കാവ്യജീവിതത്തിൻെറ ഇന്ധനമെന്ന് കവി പ്രഭാവർമ ഓർക്കുന്നു.

വയലാർ രാമവർമയുടെ ദർശനങ്ങൾ ഇന്നും സാധാരണക്കാരൻെറ ഹൃദയത്തിൽ മനോജ്ഞകൽപനകൾ നിറച്ച് 'എനിക്കു മരണമില്ല' എന്നു പ്രഖ്യാപിച്ചുകൊണ്ട് ജീവിക്കുന്നു. മലയാളത്തിൻെറ പ്രിയകവി ഒ.എൻ.വി, വയലാറിൻെറ സമ്പൂർണ കൃതികളുടെ അവതാരികയിൽ 'കാലം തെളിയിച്ചിരിക്കുന്നു, കവി കാലത്തെ അതിജീവിച്ചേ മതിയാകൂ. വയലാർ കാലാതിവർത്തിയായ കവിയാണ്' എന്നെഴുതുന്നു. കേരളചരിത്രത്തിൽ ക്രാന്തദർശിയായ നവോത്ഥാന നായകനായിരുന്നു വയലാറെന്ന് അദ്ദേഹത്തിൻെറ കവിതകൾക്കും പാട്ടുകൾക്കുമൊപ്പം പ്രസംഗങ്ങൾകൂടി വിളിച്ചുപറയുന്നു. ●

വൈക്കം സത്യാഗ്രഹികൾക്ക് സ്വീകരണവും ബഹുമതിയും നൽകിയ സമ്മേളനത്തിൽ വയലാർ രാമവർമ പ്രസംഗിക്കുന്നു



## കത്തുകൾ

### ബാബുക്ക കേൾക്കാൻ

ലക്കം 1485ൽ പി. സക്കീർ ഹുസൈൻ എഴുതിയ 'ബാബുക്ക കേൾക്കാൻ' എന്ന ലേഖനം വളരെയേറെ ഹൃദ്യമായി. സ്വരരാഗങ്ങളുടെ നിറകുടം നിറച്ച് മലയാളികൾക്ക് സമ്മാനിച്ച ഗാനങ്ങൾ കേട്ടാലും കേട്ടാലും മതിവരില്ല.
റഹീം കെ. പറവന്നൂർ

ബാബുക്ക കേൾക്കാൻ എന്ന ലേഖനം അദ്ദേഹത്തിൻെറ ഗാനങ്ങൾ നെഞ്ചിലേറ്റിയ എന്നെപ്പോലുള്ളവർക്ക് ബാബുക്കയുടെ സ്മരണകൾ പുതുക്കാനുള്ള ഓർമപ്പെടുത്തലാണ്. ആ സ്വരത്തിൻെറ പിന്തുടർച്ച ആസ്വാദകർക്ക് കുളിർമഴയായി കൊച്ചുമകൾ നിമിഷയിലൂടെ പുനർജനിക്കട്ടെ.
എം. അബ്ദുറഹ്മാൻ, ഒതുക്കുങ്ങൽ

അനശ്വരനായ സംഗീതജ്ഞൻ ബാബുക്കയുടെ കൊച്ചുമകൾ അനുഗൃഹീതവും കാലാതീതവുമായ ഹൃദയം കീഴടക്കുന്ന ഗാനങ്ങളുമായി മുന്നോട്ടുകുതിക്കട്ടെ എന്ന് ആശംസിക്കുന്നു.
സൈനുദ്ദീൻ തൈലക്കണ്ടി, കാട്ടാമ്പള്ളി




### മഴ നനഞ്ഞ വീട്

റഫീഖ് പന്നിയങ്കരയുടെ 'മഴ നനഞ്ഞ വീട്' കണ്ണുനനയിച്ച കഥയായി. കഥ വായിക്കുമ്പോൾ പുറത്ത് തുലാമഴ പെയ്തിരുന്നു, മനസ്സിൽ സങ്കടമഴയും. കഥാപാത്രത്തെപ്പോലെ വാതിലുകളില്ലാത്ത, ചുമരുകളാൽ ചുറ്റപ്പെട്ട ഒരിടത്ത് ഞാനുമെത്തി. കഥാകാരനും വാരാദ്യ മാധ്യമത്തിനും നന്ദി.
മുനീർ അഗ്രഗാമി, നിലമ്പൂർ

റഫീഖ് പന്നിയങ്കരയുടെ മഴ നനഞ്ഞ വീട് എന്ന കഥ ഹൃദയസ്പർശിയായി, കാലികപ്രസക്തവും. ഇന്ന് നമ്മുടെ ചുറ്റുപാടും സംഭവിച്ചുകൊണ്ടിരിക്കുന്നത് കഥയിൽ പ്രതിപാദിക്കുന്നു.
പി.എം. സയ്യിദത്ത് റഫ്ഖാൻ, പെരിന്തൽമണ്ണ

### സ്വർഗയിലെ ബാക്കിപത്രങ്ങൾ

കെ.എം. ഇർഷാദിൻെറ 'സ്വർഗയിലെ ബാക്കിപത്രങ്ങൾ' ചിന്തനീയമായി. എൻഡോസൾഫാൻ വിതച്ച ദുരിതങ്ങൾക്ക് അറുതിവരുത്താൻ സർക്കാർ മുന്നോട്ടുവരണം. അവരുടെ ദുരിതങ്ങൾ കേവലം കാഴ്ചമാധ്യമങ്ങളിൽ ഒതുങ്ങുന്നു. ഇതിന് മാറ്റംവരണം.
ഹബീബ് റഹ്മാൻ, വെള്ളമുണ്ട

### കർഷക മഞ്ജു

പരിശ്രമത്തിൻെറ പാഠങ്ങളാണ് മഞ്ജു നമുക്കു മുന്നിൽ തുറന്നിട്ടത്. ഭക്ഷണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി ഏതു തൊഴിലും ചെയ്യാൻ മടികാണിക്കാത്ത മനസ്സിനുടമയാകാൻ കഴിഞ്ഞതാണ് ഈ വനിതയുടെ വിജയത്തിനാധാരം. വെള്ളക്കോളർ ജോലി സ്വപ്നംകണ്ട് നിരാശരാകുന്ന പുതിയ തലമുറക്ക് ഏതു തൊഴിലും മഹത്തരമാണെന്ന സന്ദേശം നൽകാൻ മഞ്ജുവിൻെറ ജീവിതവിജയത്തിന് കഴിയട്ടെ. അടുക്കളയിൽ ഒതുങ്ങി വിധിയെ പഴിച്ച് കഴിയാതെ ജീവിതവെല്ലുവിളികളെ സധൈര്യം നേരിട്ട് മുന്നേറുന്ന സഹോദരിയെക്കുറിച്ച് അഭിമാനം തോന്നുന്നു. അഭിനന്ദനങ്ങൾ.
സുദർശനൻ കൈനകരി, നിലമ്പൂർ

### വൈവിധ്യമുള്ള വായനാനുഭവം

ലക്കം 1484 വൈവിധ്യമുള്ള വായനാവിഭവങ്ങളാൽ ഏറെ സമ്പന്നമായിരുന്നു. ഇന്ത്യൻ-ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരൻ രവീന്ദർ സിങ്ങുമായുള്ള അഭിമുഖം ഏറെ നന്നായി. പ്രശസ്ത മെക്സിക്കൻ കവി ഒക്ടോവിയോ പാസിൻെറ 'നീലപ്പൂച്ചെണ്ട്' എന്ന കഥ ഒരു കാവ്യംപോലെ മനോഹരമായിരുന്നു. ഇത്തരം വിവർത്തനകഥകൾ ഇനിയുമുണ്ടാകട്ടെ. പഞ്ചായത്ത് പ്രസിഡൻറിൻെറ പദവിയിൽ അവരോധിതയായിട്ടും പിന്നിട്ട കാർഷികവൃത്തി പിന്തുടരുന്ന മഞ്ജുവിനെക്കുറിച്ചുള്ള കുറിപ്പ് പുതുതലമുറക്ക് പ്രചോദനം നൽകും. കേരളത്തിൽ ജനിച്ച് പ്രതിഭാവിലാസംകൊണ്ട് ലോകചിത്രകാരന്മാരുടെ നിരയിൽ പ്രമുഖ സ്ഥാനം നേടിയ യൂസുഫ് അറയ്ക്കലിനെക്കുറിച്ചുള്ള ചിത്രകാരൻ അച്യുതൻ കൂടല്ലൂരിൻെറ കുറിപ്പ് ചിത്രം പോലെ മനോഹരം.
രാജേന്ദ്രൻ വയല, അടൂർ

### വാട്സ്ആപ് വഴി ഇനി കത്തുകൾ അയക്കാം

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ മെയിലിലൂടെയും അയക്കാം. whatsapp: 9645006105, e-mail: varadyam@madhyamam.in

തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം. വെള്ളിമാടുകുന്ന്. പി.ഒ. കോഴിക്കോട്–12

കഥ

# അധിനിവേശം

## വിനോദ് മനമ്മൽ



ചിത്രീകരണം: കെ. സുധീഷ്

‘സത്യത്തിൽ നിങ്ങൾ ആരാണ്?’ പലതവണ ഈ ചോദ്യം തികട്ടിവന്നതാണ്. പക്ഷേ, വീട്ടിൽ കയറിവന്ന ഒരാളോട് ഇങ്ങനെ തുറന്നുചോദിക്കുന്നത് മര്യാദക്കേടായാലോ എന്ന മറ്റൊരു ചോദ്യം പിറകോട്ട് വലിക്കുന്നു. വാതിൽ തുറന്ന് നോക്കിയപ്പോൾ പുറത്ത് ചിരിച്ച് വളരെ ഭവ്യതയോടെ ഇയാൾ നിന്നപ്പോൾതന്നെ ഞാൻ ഈ ചോദ്യം ചോദിക്കണമായിരുന്നു. ഒരു മുൻപരിചയവും ഇല്ലാതിരുന്നിട്ടും അയാളുടെ സംസാരവും ഓരോ ഭാവവും കണ്ടപ്പോൾ ഇനി എനിക്ക് തെറ്റ് പറ്റിയതാണോ എന്ന തോന്നലായിരുന്നു. അതുകൊണ്ടാണ് കയറിയിരിക്കാൻ പറഞ്ഞതും.

ചെരിപ്പ് വളരെ സൂക്ഷ്മതയോടെ ഊരിവെച്ച്, ഉറച്ച കാൽവെപ്പോടെ അയാൾ അകത്ത് കയറുമ്പോഴും മുഖത്തെ ഭാവത്തിന് ഒരു മാറ്റവും ഇല്ലായിരുന്നു. അകത്തെ എല്ലാ മുറികളിലേക്കും അടുക്കളയിലേക്കും കാണാവുന്ന തരത്തിലുള്ള ഹാളിലെ വലിയ ഒറ്റക്കസേരയിൽ അയാൾ വിസ്തരിച്ച് ഇരുന്നു. ടേബിളിൽവെച്ച പത്രമെടുത്ത് ചെറുതായി വീശി. മുറികളെല്ലാം വിശദമായി നോക്കിക്കണ്ടുകൊണ്ട് അയാൾ എന്തൊക്കെയോ ചോദിക്കുകയും അഭിപ്രായപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു. മുഖത്ത് ഒരു ചിരി വരുത്തി തട്ടിമുട്ടി ഓരോന്നിനും ഉത്തരം പറയാൻ ശ്രമിക്കുമ്പോഴും ഞാൻ വീണ്ടും വീണ്ടും ഓർത്തുനോക്കി. ഇല്ല, എവിടെയും കണ്ട ഓർമപോലും ഇല്ല. ആരെങ്കിലും വരുമെങ്കിൽ അത് രാവിലെ എത്ര തിരക്കിനിടയിലും ഭാര്യ ഓർമപ്പെടുത്താറുള്ളതാണ്. ഇന്നും മകളെ സ്കൂളിൽ കൊണ്ടാക്കാൻ ഒരുക്കുമ്പോഴോ, ധിറുതിപിടിച്ച് ജോലിക്ക് പോവാൻ ഇറങ്ങുമ്പോഴോ ഒന്നും പറഞ്ഞിരുന്നില്ല ഇങ്ങനെ ഒരാളെക്കുറിച്ച്.

ജനൽചില്ലിലൂടെ പുറത്ത് മങ്ങിയ നിഴലുകൾ അനങ്ങുന്നത് നോക്കി ഞാൻ സോഫയിൽ ഇരുന്നു. അയാൾ കൂസലൊന്നുമില്ലാതെ ഇരിക്കുന്നതിന് അടുത്തുള്ള ജനൽപാളികൾ തള്ളിത്തുറന്നപ്പോൾ വെയിൽ കണ്ണിലടിച്ചു. വെയിലിന് മുന്നിലെ അയാളുടെ രൂപം അപ്പോൾ കൂടുതൽ ഇരുണ്ടതായി തോന്നി. ഇല്ല, അയാൾ പറയുന്നതിലൊന്നും ഒരു ഉത്തരം കണ്ടെത്താൻ ആവുന്നുമില്ല. പത്രവാർത്ത, വെയിലിൻെറ ചൂട്, കാലാവസ്ഥ അങ്ങനെ ഓരോ കാര്യങ്ങളാണ് ഉത്സാഹത്തോടെ പറയുന്നത്. ഞാൻ നോക്കിനിൽക്കെയാണ് അയാൾ എഴുന്നേറ്റ് ടി.വി ഓൺ ചെയ്തതും അലസമായി ഓരോ ചാനലും മാറ്റിക്കൊണ്ടിരുന്നതും. ഞാൻ പത്രം കൈയിലെടുത്ത് വെറുതെ വായിക്കുന്ന പോലെ കണ്ണുകൾ അതിൽ ഉറപ്പിക്കാൻ ശ്രമിച്ചു. അങ്ങനെ കുറച്ചുനേരം ഞാൻ പത്രത്തിലും അയാൾ ടി.വിയിലും.

‘കുടിക്കാനെന്തെങ്കിലും...?’ എന്ന് ചോദിക്കാൻ ആഞ്ഞുനോക്കുമ്പോൾ അയാൾ കസേരയിൽ ഇല്ല! അപ്പുറത്തെ ഫ്രിഡ്ജ് തുറന്ന് തണുത്ത വെള്ളമെടുത്ത് കുടിക്കുന്നു. എനിക്ക് തൊണ്ട വരളുന്ന പോലെ തോന്നി. ഞാൻ എഴുന്നേറ്റ് ജനലിനടുത്തേക്ക് നടന്നു. ജനലിന് പുറത്തേക്ക് നോക്കി വീണ്ടും ഓർത്തെടുക്കാൻ ശ്രമിച്ചു. അറിയേണ്ടത് ഇത്രയേ ഉള്ളൂ, ഇയാൾ ആരാണ്?

എന്തിനു വന്നു? ആകെ ഒരു അസ്വസ്ഥത പോലെ. ഞാൻ രണ്ടും കൽപിച്ച് മനസ്സിലുറപ്പിച്ചു; ചോദിക്കാം. എന്തുവന്നാലും എന്താ! എത്രനേരം അങ്ങനെ നിന്നു എന്നറിയില്ല. ഞാൻ തിരിഞ്ഞുനടന്നു. അയാളെ നോക്കി. അവിടെ എങ്ങുമില്ല. മുറിയിൽ നോക്കി. ഇല്ല. അടുക്കളയിൽ? അതെ, നോക്കുമ്പോൾ അടുക്കളയിൽ അയാൾ സ്റ്റൗവിൽ എന്തോ വെച്ച് ചൂടാക്കുന്നു. മൂളിപ്പാട്ട് പാടുകയാണോ അതോ എന്തോ പിറുപിറുക്കുകയാണോ? അറിയില്ല. ഞാൻ അയാളെത്തന്നെ നോക്കി കുറച്ചുനേരം നിന്നു.

കുറച്ചു നേരംകൂടി ഞാൻ അങ്ങനെത്തന്നെ നിന്നു. പാത്രങ്ങൾ കഴുകിവെച്ച ഇരുട്ട് നിറഞ്ഞ കോണിലേക്ക് ഉറ്റുനോക്കി നിൽക്കെ പെട്ടെന്ന് എനിക്ക് തോന്നി; അല്ല ഇനി എനിക്ക് തെറ്റിയതാണോ! ഞാൻ എങ്ങനെ ഈ വീട്ടിൽ? ഞാൻ വീണ്ടും ഓർത്തെടുക്കാൻ ശ്രമിച്ചു. •

അനുസ്മരണം

**കോഴിക്കോട്ടെ സാംസ്കാരികവേദികളിലെ നിറസാന്നിധ്യവും ‘മരം’ മാസികയുടെ അമരക്കാരനുമായിരുന്ന വടേരി ഹസൻ വിടപറഞ്ഞിട്ട് 13 വർഷമാകുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണകൾ...**

# പൂമരത്തിൻെറ ഓർമയിൽ

## ശിഖ മോഹൻദാസ്

ഇന്ന് വടേരി ഹസൻെറ 13ാം ചരമവാർഷികദിനം. ഒരുകാലത്ത് കോഴിക്കോട് നഗരത്തിലെ സാമൂഹിക സാംസ്കാരിക കലാരംഗങ്ങളിൽ സ്ഥിരം സാന്നിധ്യമായിരുന്ന വടേരി ഹസൻ ഇവിടത്തെ എഴുത്തുകാർക്കും കലാകാരന്മാർക്കും ഒരു പൂമരമായിരുന്നു, നല്ലൊരു സംഘാടകനും. ‘ഒരു നഗരത്തിൻെറ സംസ്കാര പുരോഗതിയുടെ കാവലാളായിനിന്ന മനുഷ്യൻ’ എന്ന് വൈക്കം മുഹമ്മദ് ബഷീർ വടേരിയെ വിശേഷിപ്പിച്ചതായി പ്രസിദ്ധ പത്രപ്രവർത്തകനായ കെ.പി. കുഞ്ഞിമ്മൂസ എഴുതിയിട്ടുണ്ട്. കെ.എ. കൊടുങ്ങല്ലൂരുമൊത്ത് തുടങ്ങിയ ‘ജാലകം സാംസ്കാരിക വേദി’യുടെ ആഭിമുഖ്യത്തിൽ നിരവധി പരിപാടികൾ വടേരി നടത്തിയിട്ടുണ്ട്. വടേരിയുടെ മനസ്സിൽ ഒരു ആശയം ഉദിച്ചാൽ അത് പെട്ടെന്നുതന്നെ പ്രാവർത്തികമാക്കും. നല്ലൊരു സുഹൃദ്വലയം ഉണ്ടായിരുന്നതുകൊണ്ടാവാം പലപ്പോഴും നിറഞ്ഞ സദസ്സിലായിരുന്നു അദ്ദേഹത്തിൻെറ മിക്ക പരിപാടികളും. പഴയ തലമുറയിലെയും പുതു തലമുറയിലെയും എഴുത്തുകാരോട് അദ്ദേഹം ഒരുപോലെ ബന്ധം കാത്തുസൂക്ഷിച്ചു. 87ലെ ദേശീയ അവാർഡ് നേടിയ ‘ബഷീർ ദ മാൻ’ എന്ന ഡോക്യുമെൻററി ചിത്രം കോഴിക്കോട്ട് പ്രദർശിപ്പിക്കാൻ ഒരു സംഘാടകനും സന്മനസ്സ് കാണിക്കാതിരുന്നപ്പോൾ വടേരിയാണ് ആ ചിത്രം ഇവിടത്തെ ഒരു തിയറ്ററിൽ പ്രദർശിപ്പിച്ച് ചർച്ച സംഘടിപ്പിച്ചതെന്ന് എം.എ. റഹ്മാൻ പറയുന്നു. ആ ചിത്രത്തിൽ വടേരിയുടെ മകൾ ‘ബാല്യകാലസഖി’യുടെ വേഷത്തിൽ അഭിനയിച്ചിട്ടുണ്ട്. വടേരിയും ഡോക്യുമെൻററി ഫിലിമുകൾ നിർമിച്ചിട്ടുണ്ട്. കല്ലായിപ്പുഴയുടെ കഴിഞ്ഞുപോയ നല്ലകാലത്തെപ്പറ്റി ഇദ്ദേഹം നിർമിച്ച ‘കല്ലായിപ്പുഴയോരം’ എന്ന ഡോക്യുമെൻററി സംസ്ഥാന ജൂറി അവാർഡ് നേടി. ഞെളിയൻ പറമ്പ് മാലിന്യ സംസ്കരണത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള വടേരിയുടെ മറ്റൊരു ഡോക്യുമെൻററി ഏറെ ചർച്ചചെയ്യപ്പെട്ടു.




വടേരി ഹസൻ

കോഴിക്കോട് കാളൂർ റോഡിൽ വടേരി തറവാട്ടിൽ 1939ലാണ് ഹസൻെറ ജനനം. നന്നേ ചെറുപ്പത്തിൽ ഉപ്പ മരിച്ചതിനാൽ ഏറെ കഷ്ടപ്പെട്ടാണ് വളർന്നത്. മൂരിയാട് എൽ.പി സ്കൂൾ, മാങ്കാവ് രാമസ്വാമി അയ്യർ സ്കൂൾ എന്നീ സ്കൂളുകളിലായിരുന്നു പഠനം. ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിരുന്നില്ലെങ്കിലും കുട്ടിക്കാലം മുതലേ വായനയും ലേഖനമെഴുത്തുമുണ്ടായിരുന്നു. കല്ലായി മൂസഹാജിയുടെ മരപ്പാണ്ടികശാലയിൽ കണക്കെഴുത്തുകാരനായായിരുന്നു തുടക്കം. പിന്നീട് സ്വന്തമായി ‘ട്രോപ്പിക്കൽ ടിംബർ’ എന്ന സ്ഥാപനം തുടങ്ങി. 73ൽ സലാം കാരശ്ശേരിയുടെ ‘ചുഴി’ എന്ന സിനിമക്ക് സംഗീത സംവിധാനം നിർവഹിക്കുന്ന വേളയിലാണ് വടേരിയും ബാബുരാജും തമ്മിലുള്ള ബന്ധം തുടങ്ങുന്നത്. അന്ന് ബാബുരാജ് താമസിച്ചിരുന്ന ശേഖർ ലോഡ്ജിൽ വൈകീട്ട് എല്ലാ ദിവസവും പോയി വടേരി പാട്ടുകേൾക്കും. അങ്ങനെയാണ് ആ ഹൃദയബന്ധം സ്ഥാപിക്കുന്നത്. ബാബുരാജിൻെറ മരണശേഷം വടേരി പ്രസിദ്ധീകരിച്ച ‘ബാബുരാജ് സ്മൃതി’ ആ ഹൃദയബന്ധത്തിൻെറ സാക്ഷ്യപത്രമാണ്. ബാബുരാജിൻെറ ആരോഹണാവരോഹണങ്ങൾ നിറഞ്ഞ ജീവിതത്തെക്കുറിച്ച് അടുത്തബന്ധുക്കളും സുഹൃത്തുക്കളും സഹപ്രവർത്തകരും അനുഭവങ്ങളുടെ ചെപ്പ് തുറക്കുകയാണ് ആ സ്മരണികയിൽ. ജമാൽ കൊച്ചങ്ങാടിയാണ് എഡിറ്റർ. മരണം വരെയും എല്ലാ വർഷവും ബാബുരാജ് അനുസ്മരണം ജാലകത്തിൻെറ ആഭിമുഖ്യത്തിൽ വടേരി നടത്തിയിരുന്നു.

വടേരിയുടെ മറ്റൊരു ‘വിക്ടറി’യാണ് ‘മരം’ മാസിക. ഒരുകാലത്ത് ലോക തടിവ്യവസായത്തിൽ രണ്ടാംസ്ഥാനത്തുനിന്നിരുന്ന കല്ലായി പരിസരത്തുനിന്ന് സാഹിത്യബന്ധമുള്ള ഒരു മരവ്യാപാരി മരത്തെക്കുറിച്ച് ഒരു മാസിക പുറത്തിറക്കുക! പലർക്കും കൗതുകമുണർത്തിയ സംഗതിയായിരുന്നു അത്. 1990 ആഗസ്റ്റ് മാസത്തിൽ നമ്പൂതിരിയുടെ മുഖചിത്രവുമായി ആരംഭിച്ച ‘മരം’ മാസിക മരത്തെക്കുറിച്ചുള്ള ഇന്ത്യൻ ഭാഷയിലെ പ്രഥമ പ്രസിദ്ധീകരണമാണ്. മരവും അനുബന്ധ പ്രശ്നങ്ങളും മുഖ്യവിഷയമാക്കിയ അതിൽ ഗൗരവമായ പരിസ്ഥിതി പ്രശ്നങ്ങൾ പലതും പ്രതിപാദിച്ചിരുന്നു. പ്രശസ്തരായ എഴുത്തുകാർ പലരും അതിൽ എഴുതിയിരുന്നു. യു.എ. ഖാദറിൻെറ ആത്മകഥാംശമുള്ള ‘നടവരമ്പുകളിലൂടെ’ ‘മര’ത്തിൽ പ്രസിദ്ധീകരിച്ച ശേഷമാണ് ‘പൂമുഖത്തളിരുകൾ’ എന്ന പേരിൽ പുസ്തകമാക്കിയത്. കണ്ണൂരിലെ വളപട്ടണത്ത് ഒരു സോമിൽ തൊഴിലാളിയായി ജീവിതമാരംഭിച്ച പ്രശസ്ത ചെറുകഥാകൃത്ത് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിൻെറ ബാല്യകാലാനുഭവങ്ങൾ ഇടകലർന്ന ‘ഊർച്ച’ എന്ന പ്രശസ്തമായ നീണ്ടകഥയും ‘മര’ത്തിലാണ് മഷി പുരണ്ടത്. പി.കെ. പാറക്കടവിൻെറ ‘വൃക്ഷവും കവിയും’, ‘മരം’, ‘കട്ടിലിൻെറ ചിരി’ തുടങ്ങിയ മിനിക്കഥകളും ‘മര’ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രശസ്ത ഇംഗ്ലീഷ് കവയിത്രിയായിരുന്ന തോരു ദത്തിൻെറ ‘ഞങ്ങളുടെ ചാവോക്കുമരം’ (Our casuarina Tree) എന്ന മനോഹരമായ കവിതയുടെ വിവർത്തനം മരത്തിൻെറ 53ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൃദ്യമായ ഒരു വായനാനുഭവമായിരുന്നു ‘മര’ത്തിൻെറ ഓരോ ലക്കവും. സുനിൽ അശോകപുരമായിരുന്നു മിക്ക ലക്കങ്ങളുടെയും കവർചിത്രവും രൂപകൽപനയും. 2003 ഒക്ടോബർ 22ന് കോഴിക്കോട് അളകാപുരിയിൽ രാമദാസ് വൈദ്യർ അനുസ്മരണ ചടങ്ങിൽ പ്രസംഗിക്കുകയും കച്ചേരി കേൾക്കുകയും ചെയ്തശേഷം രാത്രി വീട്ടിലേക്ക് മടങ്ങുന്നതിനിടെ വീണ് തലക്ക് പരിക്കേറ്റ് വടേരി പിറ്റേദിവസം (ഒക്ടോബർ 23ന്) മെഡിക്കൽ കോളജ് ആശുപത്രിയിൽ മരിച്ചു.

60കളിൽ മലബാർ കേന്ദ്ര കലാസമിതിയുടെ നാടകോത്സവത്തിൻെറ സംഘാടകനായി കടന്നുവന്ന ആ കലാസ്നേഹി തൻെറ 64ാമത്തെ വയസ്സിൽ മരണത്തിലേക്ക് പടിയിറങ്ങുന്ന ആ രാത്രിയിലും ഒരു സംഘാടകൻെറ ഉത്തരവാദിത്തം പൂർണമായും നിർവഹിച്ചുകഴിഞ്ഞിരുന്നു. •


പുസ്തകം



### ദീർഘകാലം

ടി.പി. രാജീവൻ
പേജ്: 264, വില: 240.00
കറൻറ് ബുക്സ്


ടി.പി. രാജീവൻെറ കവിതകളുടെ സമ്പൂർണ സമാഹാരം. കവിത സൂക്ഷ്മാനുഭവങ്ങളുടെ ഭാഷയിലാണ് എഴുതേണ്ടതെന്ന് ഈ സമാഹാരം വായനക്കാരെ ഓർമിപ്പിക്കുന്നു. ജയമോഹൻെറ ആമുഖവും ഉണ്ണി ആറിൻെറ പിൻകുറിപ്പും.



### ജനപക്ഷം

വി.എസ്. അച്യുതാനന്ദൻ
പേജ്: 135, വില: 125.00
മാതൃഭൂമി ബുക്സ്


കേരളത്തിൻെറ രാഷ്ട്രീയ, സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് വി.എസ് എഴുതിയ ലേഖനങ്ങളുടെ സമാഹാരം. അഴിമതിയോടും ജനവിരുദ്ധ നിലപാടുകളോടുമുള്ള സന്ധിയില്ലാസമരവും ജനപക്ഷത്തുനിന്നുള്ള പോരാട്ടവും തുടരുമെന്ന് ഈ ലേഖനങ്ങളിലൂടെ അദ്ദേഹം ആവർത്തിക്കുന്നു.



### ജയ മഹാഭാരതം

ദേവ്ദത് പട്നായ്ക്
വിവ: പരമേശ്വരൻ മൂത്തത്
പേജ്: 374, വില: 375.00
ഡി.സി ബുക്സ്


ഇതിഹാസഗ്രന്ഥമായ മഹാഭാരതത്തിൻെറ പ്രാദേശികമാറ്റങ്ങളെ ഒരൊറ്റ നൂലിൽ ചേർത്തെടുക്കുന്ന കൃതി. ഗ്രന്ഥകാരൻ വരച്ച രേഖാചിത്രങ്ങളും ഇതിഹാസ സംബന്ധിയായ ഓരോ വിശദാംശങ്ങളും വ്യത്യസ്തമായ ആഖ്യാനശൈലിയും ഈ ഗ്രന്ഥത്തെ സവിശേഷമാക്കുന്നു.



### ആഖ്യാനങ്ങളുടെ പുസ്തകം

രാജേന്ദ്രൻ എടത്തുംകര
പേജ്: 144, വില: 130.00
ലോഗോസ് ബുക്സ്


ഖസാക്കിലെ പാമ്പ് ഉൾപ്പെടെ 11 പ്രബന്ധങ്ങളുടെ സമാഹാരം. സാഹിത്യ നിരൂപണത്തിൻെറ ശക്തിയും സൗന്ദര്യവും ദർശിക്കാനാകുന്ന കൃതി. വിമർശം സർഗാത്മകമായിരിക്കണമെന്ന നിർബന്ധബുദ്ധി ഓരോ ലേഖനത്തെയും പാരായണക്ഷമമാക്കിയിരിക്കുന്നു.



### ചാരസുന്ദരി

പൗലോ കൊയ്ലോ
വിവ: സി. കബനി
പേജ്: 206, വില: 195
ഡി.സി ബുക്സ്

സർപസൗന്ദര്യംകൊണ്ടും നർത്തനവൈഭവംകൊണ്ടും ചരിത്രത്തിൽ ഒരു പ്രഹേളികയായി മാറിയ ചാരസുന്ദരി മാതാ ഹരിയുടെ ജീവിതകഥ വിശ്വസാഹിത്യകാരനായ പൗലോ കൊയ്ലോയുടെ വാക്കുകളിൽ. അവിസ്മരണീയമായ ഒരു ജീവിതം അനന്യമായ വാക്കുകളിൽ അവതരിപ്പിക്കുന്നു.



### കല്ലുകൾ മഹാക്ഷേത്രങ്ങൾ

പി. സുരേന്ദ്രൻ
ചിത്രങ്ങൾ: കണ്ണൻ സൂരജ്
പേജ്: 80, വില: 150.00
എച്ച് ആൻഡ് സി ബുക്സ്


കർണാടകയിലെ മഹാക്ഷേത്രങ്ങളിലൂടെയുള്ള യാത്രയുടെ അനുഭവങ്ങൾ. ഹൊയ്സാല, പട്ടടക്കൽ, ബദാമി, ഹംപി, ബലിപുര, ശ്രാവണബലഗോള ക്ഷേത്രങ്ങളുടെ ചരിത്ര, ഭൂമിശാസ്ത്രവിശേഷങ്ങളും വാസ്തു-പ്രതിമാശിൽപവർണനകളും സ്പർശിക്കുന്ന ചിത്രഗ്രന്ഥം.



### ഭൂമിയുടെ അവകാശികൾ

ഡോ.വേണുതോന്നയ്ക്കൽ
പേജ്: 216, വില: 195.00
ചിന്ത പബ്ലിഷേഴ്സ്

ഭൂമിയിൽ മനുഷ്യരോടൊപ്പം ജീവിക്കുന്ന ദൃശ്യവും അദൃശ്യവുമായ ജീവജാലങ്ങളുടെ ആരും പറയാത്ത ജീവിതം വരച്ചുകാട്ടുന്ന കൃതി. വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും ഉപകാരപ്പെടുന്ന ഗ്രന്ഥം.



### മൗനത്തിൻെറ പെണ്ണർഥങ്ങൾ

ഗീത തോട്ടം
പേജ്: 78, വില: 75.00
ഡി.സി ബുക്സ്

പെൺകവിതകളുടെ ആരും സഞ്ചരിക്കാത്ത വഴികളിലൂടെ കടന്നെത്തുന്ന കവിതകൾ. പ്രണയം തുളുമ്പുന്ന 33 കവിതകളുടെ സമാഹാരം. പി. പവിത്രൻെറ അവതാരിക.

കവിത

# ഒച്ചയുടെ ഉപമകൾ



## ധന്യാദാസ്

ജനൽച്ചില്ലമേൽ കരയുന്നുണ്ട്
കുരുത്തംകെട്ട നിഴൽക്കുഞ്ഞുങ്ങൾ
മുടി വലിച്ചും കൈയീമ്പിക്കുടിച്ചും
ഇളംനഖത്താൽ മുഖംവരച്ചും
ഇണക്കം കുറച്ചിടക്കെല്ലാം
ഉയരുന്നുറക്കെ നിർബന്ധങ്ങൾ.
അകത്തേക്കങ്ങനിരിക്കുമ്പോൾ
കണ്ണാരംപൊത്തി നോട്ടങ്ങൾ
ജനൽ തുറന്നാലുടഞ്ഞുപോകാ
തടക്കിപ്പിടിച്ചിരിപ്പുണ്ട്
പതുങ്ങും രാത്രിയൊച്ചകൾ
അനക്കം മീട്ടും പൊന്തകൾ
ചിലമ്പിൽ മുത്തുകോർത്തും കൊ
ടുത്തേക്കെത്തും മൂങ്ങകൾ
കനക്കും മൗനമലർച്ചയിൽ
മുറുക്കം വിട്ടെഴുന്നേറ്റതും
കറക്കം നിർത്തി സൈക്കിളിൻ
പറക്കൽ താനേയമർന്നതും.
വഴി മറച്ചു തണൽമരം
കിളിയ്ക്കൊരുക്കും കട്ടിലിൽ
നിവർന്നു പായ പുൽകിടാൻ
കിതച്ചു മേഘമുതിർന്നുപോയ്.
ഇല തണുക്കെ മഴയുണ്ടേ
പനിയൊരുക്കി വെയ്ക്കല്ലേ
പതം പറഞ്ഞു നിഴലമ്മ
ഉറക്കപ്പാട്ടു പാടുന്നു.
ഇനിയുമാർത്തുകരഞ്ഞെന്നാൽ
വരും മുറിഞ്ഞ പ്രേതങ്ങൾ
ജനൽ വലിച്ചുതുറന്നു നിൻ
ചിരി കുടിച്ചവരാർത്തിടും
അവർക്കാണിരിപ്പിടം
നിറംചുറ്റിയ ഭിത്തികൾ
അവർക്കാണടുക്കിൽ കാണും
വിഷമുറഞ്ഞ കുപ്പികൾ.
ചിണുങ്ങും ചെമ്പരത്തികൾ
ചെറുപ്പം തേഞ്ഞ മുല്ലകൾ
പുതുക്കുന്നോർമ ബാല്യമെ
-ന്നൊതുക്കും പീലി പിന്നെയും .
കവരുന്നുടുപ്പും നെഞ്ചിലുടക്കും
നേർത്ത ചാറ്റലും
കമരാതടുക്കുന്നോർമയുണർ
ന്നാൽ പൊട്ടുമുൾഭയം
മറയാതടുപ്പിൽ നീന്തും
പിന്നത്തെക്കരച്ചിലും
ചെവിചേർത്തു വടിച്ചെടുക്കാൻ
നിരക്കും ചീവീടുകൾ
നനവെല്ലാം കുടിച്ചുണക്കിയും
ഇനിയേതെന്നുണർന്നുനോക്കിയും
ജനലിനിപ്പുറം
തിരണ്ട മെത്തകൾ
നിഴൽ മഴയാകുന്നു
ചില്ലുടുപ്പിൽ നിന്നടർന്നാകാശം
കാണുന്നു
ചെപ്പിയൊരുക്കും മരപ്പൊത്തിൽ
സൂര്യനുറക്കം വിടുന്നു. •

സിനിമ

**കുടുംബങ്ങളിൽ നിന്ന് കുടിയിറങ്ങാതെ മലയാളസിനിമയിൽ വീട്ടകങ്ങളെയും നാട്ടുനന്മകളെയും നിലനിർത്തുന്ന മലയാളിയുടെ പ്രിയസംവിധായകൻ സത്യൻ അന്തിക്കാട് സംസാരിക്കുന്നു...**

# അന്തിക്കാടൻ സിനിമകൾ



സത്യൻ അന്തിക്കാട്

**സത്യൻ അന്തിക്കാട്/ സിദ്ദീഖ് പെരിന്തൽമണ്ണ**

മലയാളസിനിമ കണ്ണഞ്ചിക്കുന്ന കാഴ്ചപ്പെടലുകളിലേക്കും കഥയില്ലായ്മയിലേക്കുമൊക്കെ മാറി സഞ്ചരിച്ചപ്പോഴും കുടുംബങ്ങളിൽ നിന്ന് കുടിയിറങ്ങാതെ സിനിമയിലെ ഗാർഹികാന്തരീക്ഷം കാത്തുസൂക്ഷിച്ച സംവിധായകനാണ് സത്യൻ അന്തിക്കാട്. സിനിമയിലെത്തി 34 വർഷം പിന്നിടുമ്പോഴും അദ്ദേഹത്തിൻെറ ഓരോ സിനിമകളും ഓരോ സന്ദേശങ്ങളാണ്. ദുൽഖർ സൽമാൻ നായകനാകുന്ന 'ജോമോൻെറ സുവിശേഷങ്ങൾ' ആണ് അദ്ദേഹത്തിൻെറ പുതിയ ചിത്രം. സിനിമയെക്കുറിച്ചും സാമൂഹികാവസ്ഥയെക്കുറിച്ചുമൊക്കെ അദ്ദേഹം സംസാരിക്കുകയാണിവിടെ...

*പഴയതും പുതിയതുമായ കാലത്ത് മലയാളസിനിമയിലുള്ള താങ്കൾ നവസിനിമകളെയും സംവിധായകരെയും എങ്ങനെയാണ് നോക്കിക്കാണുന്നത്?*

● ഞാൻ പുതിയ സിനിമ ശ്രദ്ധിക്കുന്നയാളാണ്. ഒരുപാട് ടാലൻറഡായ സംവിധായകരുണ്ട് ഇപ്പോൾ. ഞാൻ സിനിമ എടുക്കുന്ന സമയത്ത് മാത്രമാണ് സിനിമാക്കാരനാകുന്നത്. അല്ലാത്തപ്പോൾ പ്രേക്ഷകനാണ്. അപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം എൻെറ മുന്നിൽ തന്നെയാണ് ഈ മാറ്റങ്ങൾ ഉണ്ടാകുന്നത്. എന്നെയും അത് സ്വാധീനിക്കുന്നുണ്ടാകും. പക്ഷേ, എന്തൊക്കെയാണെങ്കിലും എൻെറ ചിന്താഗതിയിൽനിന്നുകൊണ്ടുള്ള ഒരു സിനിമയേ ഞാൻ ചെയ്യൂ. അത് ആളുകൾക്കിഷ്ടമുള്ളതുകൊണ്ടാണല്ലോ ഓടുന്നതും നിർമാതാക്കൾ എന്നെ സിനിമയെടുക്കാൻ വിളിക്കുന്നതും. അതായത്, ഞാൻ കാണുന്ന സിനിമകളും ചെയ്യുന്ന സിനിമകളും ഒന്നാകണമെന്നില്ല. മറ്റു സിനിമകൾ കണ്ട് ഒരു പാഠമായി ഉൾക്കൊള്ളാറുണ്ടെങ്കിലും എനിക്ക് ശരിയെന്ന് തോന്നുന്ന രീതിയിലാണ് ഞാൻ സിനിമയെടുക്കുന്നത്. അല്ലാതെ, ട്രെൻഡ് എന്നു പറഞ്ഞ് പിന്നാലെ പോകില്ല.

*കുടുംബ പ്രേക്ഷകരുടെ സംവിധായകനായ താങ്കൾ ഇക്കാലത്ത് സിനിമയെ സമീപിക്കുന്നതെങ്ങനെയാണ്?*

● എപ്പോഴും ഒരു സിനിമ ചെയ്യുമ്പോൾ അതിനെ പോസിറ്റിവായേ ഞാൻ സമീപിക്കുകയുള്ളൂ. അത് തിയറ്ററിലെത്തുമ്പോൾ പ്രേക്ഷകരുടെ കൈയിലേക്ക് പോകും. അതിലെന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ അപ്പോഴേ തിരിച്ചറിയുകയുള്ളൂ. ഞാൻ കൊല്ലത്തിൽ ഒരു പടമേ ചെയ്യാറുള്ളൂ. എൻെറ കഴിഞ്ഞ സിനിമ എത്ര സൂപ്പർ ഡ്യൂപ്പർ ആയാലും അടുത്ത സിനിമയെടുക്കാൻ ഒരു കൊല്ലമെടുക്കും. അത് തിരിച്ചറിവിനും എന്നെ നവീകരിക്കാനുമുള്ള സമയമാണ്.

*ഇടക്കാലത്ത് സ്വന്തം കഥയിലേക്കും തിരക്കഥയിലേക്കും തിരിയാനുള്ള കാരണം?*

● അത് എഴുത്തുകാർ തിരക്കിലായിരുന്നതുകൊണ്ട് തിരക്കഥ കിട്ടാത്തതുകൊണ്ടായിരുന്നു. ശ്രീനിവാസൻ എഴുതുന്നില്ലായിരുന്നു. ലോഹിതദാസ് ഉണ്ടായിരുന്നെങ്കിലും തിരക്കിലായിരുന്നു. അപ്പോൾ എൻെറ മനസ്സിൽ തോന്നിയ വിഷയം ഞാൻ തന്നെ എഴുതിയെടുക്കേണ്ട സാഹചര്യമുണ്ടായപ്പോൾ എഴുതി. അത് അവസാന വഴിയാണ്. എൻെറ മനസ്സിൽ തോന്നുന്ന ആശയവുമായി സംവദിക്കാൻ കഴിയുന്ന എഴുത്തുകാരനുണ്ടെങ്കിൽ ഞാൻ ആദ്യം ശ്രമിക്കുക അതിനായിരിക്കും. ഇഖ്ബാൽ കുറ്റിപ്പുറം എനിക്ക് ഏറെ ഇഷ്ടപ്പെട്ട എഴുത്തുകാരനാണ്. പക്ഷേ, എല്ലാ സ്ക്രിപ്റ്റുകളും എഴുതാൻ അയാൾക്ക് പറ്റിയെന്നു വരില്ല. സിനിമ ചെയ്യാൻ സാഹചര്യമുണ്ടായാൽ തിരക്കഥയില്ലെന്ന കാരണത്താൽ സിനിമ മുടങ്ങരുത്. അങ്ങനെ വരുമ്പോൾ എഴുതാനുള്ള താൽപര്യം പണ്ടേയുള്ളതുകൊണ്ട് സ്വന്തത്തിലേക്ക് തിരിയുന്നതാണ്. ഞാൻ എഴുതിയ 'വിനോദയാത്ര'ക്ക് ഏറ്റവും നല്ല തിരക്കഥക്കുള്ള അവാർഡും കിട്ടി. അതൊക്കെ ധൈര്യം നൽകുന്നതാണ്. സിനിമയെന്നാൽ ഒരു കൂട്ടായ കലയാണ്. ആത്യന്തികമായി നന്നാകേണ്ടത് സിനിമയാണ്. വേറൊരാളുടെ സംഭാവനകൾ കൂടിയുണ്ടെങ്കിൽ അത് കൂടുതൽ നന്നാകും. അതിനായി ആരുടെയൊക്കെയോ സംഭാവനകളുണ്ടെങ്കിൽ ഞാൻ അത് സ്വീകരിക്കും.

*ഒരുപാട് സിനിമകൾക്ക് പാട്ടെഴുതിയ താങ്കൾ ഇന്നത്തെ സിനിമാപാട്ടുകളെ എങ്ങനെ കാണുന്നു?*

● ഇന്നത്തെ പാട്ടുകൾ കൂടുതലും പശ്ചാത്തല സംഗീതത്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നത്. സിനിമക്ക് പുറത്ത് പാട്ടുകൾ അധികം കേൾക്കുന്നില്ല. എൻെറ പുതിയ ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നത് റഫീഖ് അഹ്മ്മദ്-വിദ്യാസാഗർ കൂട്ടുകെട്ടിനെയാണ്. അത് സിനിമക്ക് പുറത്തും പാടാവുന്നതാണ്. ഞാൻ ആ രീതിയിലാണ് എൻെറ സിനിമയിൽ പാട്ടുകളെ കാണുന്നത്.

*ഗാനരചയിതാക്കൾ അടിസ്ഥാനപരമായി കവികളല്ലാത്തത് പാട്ടുകളുടെ ഗുണം കുറയാൻ കാരണമാണോ?*

● അങ്ങനെ പറയാൻ കഴിയില്ല. ആളുകൾ എഴുതിയല്ലേ വരുന്നത്. ആരും ഗാനരചയിതാവായിട്ടല്ലല്ലോ ജനിക്കുന്നത്. കവികൾ മാത്രമല്ലല്ലോ ഗാനരചന നിർവഹിക്കുന്നത്. കവിതയെഴുത്തും ഗാനരചനയും രണ്ടും രണ്ടാണ്. കവിതയിൽ കുറച്ചുകൂടി സ്വാതന്ത്ര്യമുണ്ട്. ഗാനരചനയിൽ സംവിധായകർ തീരുമാനിക്കണം നമ്മുടെ പാട്ടുകൾ ഇന്നതായിരിക്കണം, അതിൽ സാഹിത്യഭംഗി വേണമെന്നൊക്കെ.

*ആധുനിക സാഹിത്യത്തിലെ പുതിയ കഥകളിലും നോവലുകളിലും സിനിമയിലേക്ക് ഭാഷാന്തരം ചെയ്യാൻ പറ്റിയ കഥകളുള്ളതായി തോന്നിയിട്ടുണ്ടോ?*

● വായിക്കുമ്പോൾ ചില സ്പാർക്കുകൾ ഉണ്ടാകുമെന്നല്ലാതെ സിനിമയാക്കാൻ പറ്റിയവ ഉണ്ടെന്ന് തോന്നിയിട്ടില്ല. സാഹിത്യവും സിനിമയും രണ്ട് വഴിക്കാണ് ഇപ്പോൾ സഞ്ചരിക്കുന്നത്. പണ്ട് രണ്ടും ഒരേ വഴിയിലായിരുന്നു. ഓടയിൽ നിന്ന്, വാഴ്വേ മായം എന്നതിൽ ഒക്കെ പറയാൻ ഒരു കഥയുണ്ട്. അത് കാണാനും കൊള്ളും. അന്ന് ഞാൻ അങ്ങനെ സിനിമ ചെയ്തിട്ടുണ്ട്. എം.ഡി. രത്നമ്മയുടെ അധ്യായം ഒന്നുമുതൽ സിനിമയാക്കി. വി.കെ.എന്നിൻെറ പ്രേമവും വിവാഹവും 'അപ്പുണ്ണി' എന്ന പേരിലും സി.വി. ബാലകൃഷ്ണൻെറ നോവലെറ്റ് ഇരട്ടക്കുട്ടികളുടെ അച്ഛനും സിനിമയാക്കിയിട്ടുണ്ട്. ഇന്ന് നല്ല നോവലുകൾ ഉണ്ട്. പക്ഷേ, ഒരു സിനിമയുടെ കാൻവാസിലൊതുങ്ങുന്നതിനെക്കാൾ വലുതായതിനാൽ സിനിമയാക്കുക പ്രയാസമാണ്. ഇന്ന് സാഹിത്യം കൂടുതലും ഫിക്ഷനാണ്.

*താങ്കൾ മമ്മൂട്ടിയെ നായകനാക്കി സിനിമകളെടുത്തിട്ടുണ്ട്, ഇപ്പോൾ മകൻ ദുൽഖറിനെയും. ഇവരെ താരതമ്യം ചെയ്യുന്നത് എങ്ങനെയായിരിക്കും?*

● മമ്മൂട്ടിയെയും ദുൽഖറിനെയും താരതമ്യം ചെയ്യാനേ വയ്യ. മമ്മൂട്ടി ഇന്ത്യൻ സിനിമയിലെ വലിയ ആക്ടർ തന്നെയാണ്. ദുൽഖർ പുതിയ തലമുറയിലെ ഏറ്റവും വാഗ്ദാനമായിട്ടുള്ള നടനും. രണ്ടാളും അഭിനയം പാഷനായി കരുതുന്നവരാണ്. മമ്മൂട്ടി ഒരു പുതുമുഖനടൻെറ ജിജ്ഞാസയും ആകാംക്ഷയും സൂക്ഷിക്കുന്നയാളാണ്. എക്കാലത്തെയും പുതുമുഖം മമ്മൂട്ടിയാണെന്ന് പറയാം. ദുൽഖർ സിനിമയെ കരുതലോടെ സമീപിക്കുന്നയാളാണ്. രണ്ടു പേരും സമർപ്പിതരാണ്. അഭിനയത്തിൽ രണ്ടു പേരും രണ്ട് റെയ്ഞ്ചുള്ള രണ്ടു പ്രായത്തിലുള്ള താരങ്ങളാണ്. മമ്മൂട്ടി എസ്റ്റാബ്ലിഷ് ചെയ്തതാണ്. ദുൽഖർ ഓരോ സിനിമയിലൂടെയും പടിപടിയായി വളർന്നുകൊണ്ടിരിക്കുന്നു. ഇവരെ താരതമ്യം ചെയ്യുന്നത് ശരിയല്ല.

*സിനിമക്കുമേൽ നിയന്ത്രണമേർപ്പെടുത്തുന്ന അവസ്ഥയെക്കുറിച്ച്?*

● ഞാൻ സിനിമയെ ബാധിക്കുന്ന അത്തരം കാര്യങ്ങൾക്കൊന്നും പോകാറില്ല. സിനിമ ലിഖിതനിയമങ്ങളില്ലാത്ത കലയാണ്. ഓരോ സിനിമയും ഓരോ സംവിധായകൻെറ കാഴ്ചപ്പാടാണ്. ഞാൻ എൻെറ സിനിമയുടെ വഴികളിലൂടെ സഞ്ചരിക്കുന്നു. അതിനാൽ, എനിക്ക് സെൻസറിൻെറയോ മറ്റോ പ്രശ്നങ്ങളുണ്ടാകാറില്ല. ഞാൻ വളരെ ഒതുങ്ങിയും വേറിട്ടും സിനിമചെയ്യുന്ന ആളാണ്. എൻെറ ജീവിതം, കുടുംബം, കൃഷി ഇതിലൊക്കെ തൃപ്തിയുള്ളയാളാണ്. സംഘടനാ പ്രശ്നങ്ങളിലൊന്നും പോകാറില്ല.

*'സന്ദേശം' പോലൊരു സിനിമക്ക് ഇനിയും പ്രസക്തിയില്ലേ?*

● ഉണ്ട്. ഞാനും ശ്രീനിവാസനും കൂടി ഒരു പൊളിറ്റിക്കൽ സറ്റയർ ആലോചിക്കുന്നുണ്ട്. രാഷ്ട്രീയം നിരീക്ഷിക്കാത്തവർക്കുകൂടി മനസ്സിലാകണം ആ സിനിമ. അതിനുവേണ്ടി കാത്തിരിക്കുകയാണ്.

*കേരളത്തിലെ പുതിയ കാലത്തെ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് എന്താണഭിപ്രായം?*

● പുതിയ കാലത്ത് രാഷ്ട്രീയത്തിനുവേണ്ടി മതത്തെ ഉപയോഗിക്കുകയാണ്. കാലം ചെല്ലുന്തോറും അത് കൂടിവരുന്നു. അത് അപകടകരമാണ്. എരിതീയിൽ എണ്ണ പകർന്നുകൊണ്ടിരിക്കുകയാണ് രാഷ്ട്രീയക്കാർ. മനുഷ്യരാണ് ഏറ്റവും കൂടുതൽ ചേരിതിരിവുകളുണ്ടാക്കുന്നത്. ഇപ്പോൾ ജാതിയും മതവും വേണ്ടെന്നുപറഞ്ഞ ശ്രീനാരായണ ഗുരുവിനെപോലും ജാതിക്കുള്ളിൽ തളച്ചിടുന്നു. അപ്പോൾ ഓണവും പെരുന്നാളും വിഷുവും ക്രിസ്മസുമൊക്കെ മനുഷ്യസാഹോദര്യത്തിനുവേണ്ടി നമ്മൾ ഏറ്റെടുക്കണം. എല്ലാരും ഒന്നാണെന്ന സന്ദേശമാണ് അതു നൽകുക. ജനിക്കുമ്പോൾ ആരും ഒരു മതത്തിലും പെടുന്നില്ല. ലോകാ സമസ്തോ സുഖിനോ ഭവന്തു തത്ത്വം തന്നെയാണ് എൻേറതും. നമ്മൾ നിറം നോക്കിയും ജാതിനോക്കിയും വേർതിരിക്കാതിരിക്കുകയാണ് വേണ്ടത്. എല്ലാരും മനുഷ്യർ തന്നെയാണ്. അതിന് വിശാലമായി ചിന്തിക്കണം. ടാഗോറും ഗാന്ധിയും ശ്രീനാരായണ ഗുരുവുമൊക്കെ ഒരു തലമുറയിൽ ജീവിച്ചിരുന്നു. ഇന്ന് ആലോചിക്കുമ്പോൾ അദ്ഭുതമാണ്. അതുപോലെ ഒരാളും ഇന്നില്ല. അത് വലിയ നഷ്ടമാണ്. അതിന് അടുത്ത തലമുറ മറുപടി പറയട്ടെ. ●

പുരസ്കാരം

**ഈ വർഷത്തെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം അമേരിക്കൻ ഗാനരചയിതാവും പാട്ടുകാരനുമായ ബോബ് ഡിലനാണ്. അദ്ദേഹത്തിൻെറ സർഗജീവിതത്തിലൂടെ...**

# നൊബേൽ സംഗീതം



ബോബ് ഡിലൻ

**ഫസൽ റഹ്മാൻ**

1941 മേയ് 24ന് മിനിസോടയിലാണ് ബോബ് ഡിലൻെറ ജനനം. മാമോദീസപേര് റോബർട്ട് അലൻ സിമ്മർമൻ. എൽവിസ് പ്രിസ്ലിയുടെയും ജെറി ലീ ലുവിസിൻെറയും ലിറ്റിൽ റിച്ചാർഡിൻെറയും ആരാധകനായി സംഗീതരംഗത്തെത്തിയ അദ്ദേഹം, അറുപതുകളുടെയും എഴുപതുകളുടെയും ക്ഷുഭിത യൗവനങ്ങളുടെ സമരോദ്യുക്തതയെയും യുദ്ധവിരുദ്ധവികാരങ്ങളെയും പ്രചോദിപ്പിക്കുന്നതിലും ഒരു തലമുറയെ വെറും പോപ് കൾചറിൻെറ പിടിയിൽപെടാതെ സംഗീതത്തെ ഒരു പ്രതിസംസ്കാരത്തിൻെറ ആവിഷ്കാരമാക്കുന്നതിലും മുന്നിൽ നടന്നു. അമ്പത് വർഷത്തിലേറെയായി സജീവമായിത്തന്നെ തുടരുന്ന സംഗീതസപര്യയിൽ വ്യത്യസ്ത സംഗീതവിഭാഗങ്ങളെ സമന്വയിപ്പിക്കുന്നതിലും ജനപ്രിയമാക്കുന്നതിലും നിസ്തുലമായ പങ്കും വഹിച്ചിട്ടുണ്ട്. റോക്ക് ആൻഡ് റോൾ സംഗീതത്തിലെ ഗീതങ്ങളെ കുറിച്ച് അദ്ദേഹം നടത്തിയ നിരീക്ഷണം സംഗീതത്തോടും അതിൻെറ സാഹിത്യത്തോടുമുള്ള ഗൗരവപൂർണമായ സമീപനത്തിൻെറ നിദർശനമാണ്.

1959ൽ മിനിസോട യൂനിവേഴ്സിറ്റിയിൽ ചേർന്ന ദിനങ്ങളിലാണ് ഒരു സ്വാതന്ത്ര്യ പ്രഖ്യാപനമായി അദ്ദേഹം കവി ഡിലൻ തോമസിനോടുള്ള ആരാധനയിൽ ബോബ് ഡിലൻ എന്ന പേരിലേക്ക് മാറുന്നത്. അറുപതുകളുടെ തുടക്കത്തിൽ പ്രതിഷേധ ഗീതങ്ങളുടെ (protest songs) രചയിതാവായ വുഡി ഗത്രിയുമായും ഫോക് ഗായകനും ആക്റ്റിവിസ്റ്റുമായ പീറ്റ് സീഗറുമായും ഉണ്ടായ സഹവാസവും അദ്ദേഹത്തിൻെറ സംഗീതത്തിലെ പോരാട്ടസ്വഭാവത്തെ നിർണയിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. മിസിസിപ്പി യൂനിവേഴ്സിറ്റിയിൽ പ്രവേശം നേടിയ ആദ്യ കറുത്ത വർഗക്കാരനായ ജെയിംസ് മെറിഡിത്തിൻെറ അനുഭവങ്ങളെ കുറിച്ചുള്ള 'ഓക്സ്ഫഡ് ടൗൺ' പോലുള്ള ഗീതങ്ങൾ അദ്ദേഹത്തിൻെറ 1963ൽ പുറത്തിറങ്ങിയ 'ദ ഫ്രീവീലിങ് ബോബ് ഡിലാ'നിൽ ഇടം പിടിച്ചത് അങ്ങനെയാണ്. അടിമകളുടെ പരമ്പരാഗത സംഗീതത്തിൻെറ താളത്തിൽ രചിക്കപ്പെട്ട 'ബ്ലോവിങ് ദ വിൻഡ്', 'നോ മോർ ഓക്ഷൻസ്' തുടങ്ങിയവ അമേരിക്കൻ പൗരാവകാശ പ്രവർത്തനങ്ങൾക്ക് നൽകിയ ഊർജം ചെറുതല്ല. ക്യൂബൻ മിസൈൽ പ്രതിസന്ധിയുടെ ഘട്ടത്തിലും വിയറ്റ്നാം യുദ്ധകാലത്തും ന്യൂക്ലിയർ നിരായുധീകരണത്തിനുവേണ്ടിയുള്ള അമേരിക്കൻ യുവതയുടെ പോരാട്ടങ്ങളിലും ഐക്യപ്പെട്ട ബോബ്, ബീറ്റ്ൽസ് പോലുള്ള ഗായകസംഘങ്ങൾക്കും അലൻ ഗിൻസ്ബർഗിനെ പോലുള്ള നിഷേധികളായ എഴുത്തുകാർക്കും പ്രിയങ്കരനായി.

പോരാട്ടങ്ങളുടെ ഉള്ളടക്കം ഗീതങ്ങളിൽ മാത്രമായിരുന്നില്ല ബോബ് ഡിലന്. തീവ്ര വലതുപക്ഷ സംഘടനയായിരുന്ന ജോൺ ബിർച്ച് സൊസൈറ്റിക്ക് അഹിതകരമാവും എന്ന ആരോപണത്തിൽ തൻെറ രചന സെൻസറിങ്ങിന് വിധേയമാക്കുന്നതിന് നിന്നുകൊടുക്കാതെ പ്രസിദ്ധമായ എഡ്സള്ളിവൻ ഷോയിൽനിന്ന് ഇറങ്ങിപ്പോയ ചരിത്രമുണ്ട് അദ്ദേഹത്തിന്. 'ദ ടൈംസ് ദേ ആർ ചെയ്ഞ്ചിങ്' പോലുള്ള കൂടുതൽ തീവ്രവും മുനകൂർത്തതുമായ പ്രതിഷേധസ്വരമുയർത്തുന്ന ഗീതങ്ങളിൽ കറുത്തവരുടെ അവകാശപ്പോരാട്ടങ്ങളിലെ രക്തസാക്ഷിത്വമാണ് വിഷയം.

എന്നാൽ, 1963 അവസാനിക്കുമ്പോഴേക്കും പൗരാവകാശ പ്രവർത്തകരും ഫോക് സംഗീത സംഘങ്ങളും തന്നെ ഉപയോഗിക്കുകയാണെന്ന ചിന്ത അദ്ദേഹത്തിൽ ബലപ്പെടുകയും കുറെക്കൂടി വൈയക്തികവും ലളിത വൈകാരികതയുള്ളതുമായ ഗീതങ്ങളിലേക്ക് അദ്ദേഹം തിരിച്ചുപോവുകയും ചെയ്തു. പരസ്പരം ഏറെ താങ്ങായിരുന്ന ഗായികയും ആക്റ്റിവിസ്റ്റുമായ ജോവാൻ ബായെസുമായുണ്ടായിരുന്ന ഹ്രസ്വകാല ബന്ധവും ഈ കാലത്ത് ഉലഞ്ഞു. സിവിൽ ലിബർട്ടീസ് കമ്മിറ്റിയുടെ ടോം പെയ്ൻ അവാർഡ് സ്വീകരിച്ചുകൊണ്ട് കമ്മിറ്റി കഷണ്ടികയറിയ വൃദ്ധരുടെതാണെന്നും ഇനി മുതൽ തനിക്ക് കറുത്തവരോ വെളുത്തവരോ ഇടതോ വലതോ ഇല്ലെന്നും കനത്ത മദ്യലഹരിയിൽ ബോബ് വിളംബരപ്പെടുത്തി. റോക്ക് ആൻഡ് റോളിലേക്കുള്ള ഒരു തിരിച്ചുപോക്കിനൊപ്പം ജീൻസിനും വർക് ഷർട്ടിനും പകരം സൺ ഗ്ലാസും ബീറ്റ്ൽസ് ബൂട്ടും ധരിച്ചുതുടങ്ങുകയും ചെയ്തു ബോബ്. കനത്ത തോതിലുള്ള മയക്കുമരുന്ന് ഉപയോഗവും ഇക്കാലത്ത് ശീലമാക്കിയിരുന്നെന്നും പിന്നീടത് ഉപേക്ഷിച്ചുവെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. എന്നാൽ, തൻെറ ശീലങ്ങളെ കുറിച്ച് ബോബ് കഥകൾ ചമയ്ക്കുക പതിവാണെന്ന് കരുതുന്നവരുണ്ട്.

അക്കോസ്റ്റിക് സംഗീതത്തോടൊപ്പം ഇലക്ട്രിക് ഗിത്താർ കൂടി ഉപയോഗിക്കുന്ന രീതി ആരംഭിച്ചതോടെ പരമ്പരാഗത ഫോക്ക് സംഗീതത്തിൻെറ ഉപാസകർ അദ്ദേഹത്തെ തുറന്നെതിർക്കാൻ തുടങ്ങി. 1966ൽ ഉണ്ടായ മാരകമായ ഒരു ബൈക്ക് അപകടം ഏതാണ്ട് ഒരുവർഷം അദ്ദേഹത്തെ കിടപ്പിലാക്കി. ജോൺ വെസ്ലി ഹാർഡിങ് (1968), നാഷ് വില്ല സ്കൈലൈൻ (1970) എന്നീ ആൽബങ്ങളിൽ തൻെറ മനസ്സിനെ മഥിച്ചിരുന്ന പാരുഷ്യങ്ങൾ അദ്ദേഹം പ്രതിഫലിപ്പിച്ചിട്ടുണ്ട്. സെൽഫ് പോർട്രെയ്റ്റ് (1970), ടാരാൻറുല (1973) എന്നിവ രൂക്ഷമായി വിമർശിക്കപ്പെട്ട ആൽബങ്ങളാണ്. അതേവർഷം സാം പെക്കിൻപായുടെ വിഖ്യാതമായ പാറ്റ് ഗാരെറ്റ് ആൻഡ് ബില്ലി ദ കിഡ് എന്ന ഹോളിവുഡ് ചിത്രത്തിൽ അഭിനയിച്ച ബോബ്, ചിത്രത്തിൻെറ പശ്ചാത്തല സംഗീതം ഒരുക്കുകയും ചെയ്തു. 'നോക്കിങ് ഓൺ ഹെവൻസ് ഡോർ' എന്ന പ്രശസ്ത ഗാനം ഈ ചിത്രത്തിലാണ്. അപകടത്തിനു ശേഷം ബോബ് നടത്തിയ ആദ്യ മുഴുനീള ടൂർ 1974ലായിരുന്നു. പ്ലാനറ്റ് വേവ്സ് എന്ന ആൽബം മ്യൂസിക് ചാർട്ടുകളിൽ ആദ്യമായി അദ്ദേഹത്തെ ഒന്നാമതെത്തിച്ചു. ബ്ലഡ് ഓൺ ദ ട്രാക്സ് (1975), ഡിസയർ (1976) എന്നിവയും ഏറെ പ്രസിദ്ധമായപ്പോൾ 'ഡിസയറി'ന് വേണ്ടി ബോബ് എഴുതിയ 'ഹരിക്കെയ്ൻ' എന്ന ഗാനം പ്രമാദമായ ഒരു കൊലപാതകക്കേസിൽ പുനർവിചാരണക്ക് വരെ വഴിവെച്ചു. ഭാര്യ സാറ ലോണ്ടെസുമായി പിണങ്ങേണ്ടി വന്നതും മുറിവുണക്കാൻ നടത്തിയ ശ്രമങ്ങളുടെ പരാജയവുമാണ് 'സാറ' എന്ന വിഷാദഗീതം. 1979ലാണ് താനൊരു ക്രിസ്ത്യാനിയായി പുനർജനിച്ചതായി ബോബ് പ്രഖ്യാപിച്ചത്. തുടർന്നിറങ്ങിയ സ്ലോ ട്രെയ്ൻ കമിങ് എന്ന ആൽബം അദ്ദേഹത്തിന് ആദ്യ ഗ്രാമി അവാർഡ് നേടിക്കൊടുത്തു. 1982ൽ ബോബ് ഗാനരചയിതാക്കളുടെ ഹാൾ ഓഫ് ഫെയിമിലും 89ൽ റോക്ക് ആൻഡ് റോൾ ഹാൾ ഓഫ് ഫെയിമിലും ചേർക്കപ്പെട്ടു.

1997ൽ കലാമികവിനുള്ള ഏറ്റവും വലിയ ദേശീയ പുരസ്കാരമായ കെന്നഡി സെൻറർ ബഹുമതി അദ്ദേഹത്തെ തേടിയെത്തി. 1997ൽ ടൈം ഔട്ട് ഓഫ് മൈൻഡ് എന്ന ആൽബം മൂന്ന് ഗ്രാമി അവാർഡുകളാണ് സ്വന്തമാക്കിയത്. അതേവർഷം പോപ് ജോൺ പോൾ രണ്ടാമന് വേണ്ടി നോക്കിങ് ഓൺ ഹെവൻസ് ഡോർ ഉൾപ്പെടെ ഗാനങ്ങൾ അവതരിപ്പിച്ചു. പുതിയ നൂറ്റാണ്ടിലും തളർച്ചയില്ലാതെ, നിരൂപക പ്രശംസയും ജനസമ്മതിയും ഒരുപോലെ നേടിയെടുത്ത സ്റ്റുഡിയോ ആൽബങ്ങളായ മോഡേൺ ടൈംസ് (2006), ടുഗെതർ ത്രൂ ലൈഫ് (2009) തുടങ്ങിയവയുമായി അദ്ദേഹം വിജയകരമായ പര്യടനങ്ങൾ തുടർന്നു. ഇതിനിടെ, 2005ൽ വിഖ്യാത സംവിധായകൻ മാർട്ടിൻ സ്കോർസെസേയുടെ നോ ഡയറക്ഷൻ ഹോം: ബോബ് ഡിലൻ എന്ന ഡോക്യുമെൻററിക്കുവേണ്ടി ഇരുപതു വർഷത്തിനിടെ നൽകിയ ആദ്യ മുഴുനീള അഭിമുഖത്തിലും ബോബ് സ്വയം ആവിഷ്കരിച്ചു. പുതിയ ദശകത്തിലും ശ്രദ്ധേയമായ സംഗീത സംഭാവനകളുമായി സജീവമായ ബോബിനെ തേടി ഗ്രാമി, ഗോൾഡൻ ഗ്ലോബ് പുരസ്കാരങ്ങൾ കൂടാതെ പ്രസിഡൻറിൻെറ മെഡൽ ഓഫ് ഫ്രീഡം (2012) പുരസ്കാരവും ഇപ്പോൾ നൊബേലും തേടിയെത്തി. 1993ൽ ടോണി മോറിസന് ശേഷം ആദ്യമായാണ് ഒരു അമേരിക്കക്കാരനെ സാഹിത്യ നൊബേൽ തേടിയെത്തുന്നത്. 'അമേരിക്കൻ ഗാനരചനാ പാരമ്പര്യത്തിൽ പുതിയ കാവ്യാവിഷ്കാരം സൃഷ്ടിച്ചതിന്' (നൊബേൽ സൈറ്റേഷൻ) നൽകപ്പെടുന്ന ഈ പുരസ്കാരം, ഫിലിപ്പ് റോത്തിനെ പോലുള്ള കിടയറ്റ എഴുത്തുകാർ അവഗണിക്കപ്പെടവേ, വായനലോകത്തെ ഒട്ടൊന്ന് അദ്ഭുതപ്പെടുത്തുകയും ചെയ്തേക്കാം. ●